# കേരള നിയമസഭ
# 15.02.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം
2013 ഫെബ്രുവരി 15, വെള്ളി
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 368)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
| --- | --- |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | 2875മുതൽ 2999 വരെ |
| റവന്യൂവും കയറും വകുപ്പുമന്ത്രി | 3000 മുതൽ 3095 വരെ |
| ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | 3096 മുതൽ 3158 വരെ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | 3159 മുതൽ 3242 വരെ |

<u>വിദ്യാഭ്യാസ വികസന പദ്ധതി</u>

2875 ശ്രീ. ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, കെ. മുരളീധരൻ
,, വി.ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗത്ത് സംസ്ഥാനങ്ങൾ പരസ്പര സഹകരണത്തോടെ പദ്ധതികൾ നടപ്പാക്കാൻ ധാരണയായിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഉന്നത വിദ്യാഭ്യാസ വികസന പദ്ധതി കൊണ്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) ഇത് സംബന്ധിച്ച പദ്ധതി രേഖ സംസ്ഥാനം മുന്നോട്ട് വച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) മുന്നോട്ട് വച്ച പദ്ധതി രേഖകളെ കുറിച്ച് മറ്റ് സംസ്ഥാനങ്ങളിലെ കൗൺസിലുകളുടെ പ്രതികരണമെന്താണ്; വിശദമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

വിദ്യാഭ്യാസ അവകാശ നിയമം

2876 ശ്രീ. പി.കെ.ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശനിയമം സംസ്ഥാനത്ത് നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം മാറ്റങ്ങളാണ് ഈ മേഖലയിൽ വരുത്താൻ ഉദ്ദേശിക്കുന്നത്;

(സി) സംസ്ഥാന അദ്ധ്യാപക പാക്കേജ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി എത്ര പ്രൊട്ടക്ടഡ് അദ്ധ്യാപകരെയാണ് ടീച്ചേഴ്സ് ബാങ്കിലേക്ക് മാറ്റിയത്;

(ഡി) ഇങ്ങനെ ടീച്ചേഴ്സ് ബാങ്കിലേക്ക് മാറ്റപ്പെടുന്ന അദ്ധ്യാപകർക്ക് പുനർ നിയമനം നൽകുന്ന അവസരത്തിൽ അതുവരെയുള്ള സേവനകാലം പരിഗണിച്ചുള്ള വേതനം നിശ്ചയിച്ച് നൽകുന്നുണ്ടോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ അവകാശനിയമപ്രകാരമുള്ള പഠന സമ്പ്രദായം</u>

2877 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 -14 അദ്ധ്യയന വർഷം വിദ്യാഭ്യാസ അവകാശനിയമ പ്രകാരമുള്ള പഠന സമ്പ്രദായം പൂർണ്ണമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന് ആവശ്യമായ ഭൗതിക സാഹചര്യം ഒരുക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 15.02.2013-ലെ മറുപടിക്ക്

വിദ്യാഭ്യാസ പാക്കേജ്

2878 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രഖ്യാപിച്ച വിദ്യാഭ്യാസ പാക്കേജ് എത്രത്തോളം നടപ്പിലാക്കാൻ സാധിച്ചുവെന്ന് വിശദമാക്കുമോ;

(ബി) പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ആക്ഷേപങ്ങളോ പരാതികളോ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പാക്കേജ് നടപ്പിലാക്കാൻ സാധിക്കാത്ത സാഹചര്യങ്ങൾ നിലവിലുണ്ടോ; എങ്കിൽ അവ വിശദമാക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>പൊതുവിദ്യാഭ്യാസ മേഖലയിലെ സാമ്പത്തിക പ്രതിസന്ധി</u>

2879 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖല സാമ്പത്തിക പ്രതിസന്ധിയിലാണോ;

(ബി) ഇത്തരം ഒരു അവസ്ഥയ്ക്ക് കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) സാമ്പത്തിക പ്രതിസന്ധി വകുപ്പിലെ വികസന പ്രവർത്തനങ്ങൾക്ക് തടസ്സമാകുന്നുണ്ടോ;

(ഡി) കേന്ദ്രത്തിൽ നിന്നും മറ്റുമായി പൊതുവിദ്യാഭ്യാസ മേഖലക്ക് ലഭിക്കുന്ന ഫണ്ടുകൾ പൂർണ്ണമായും ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇതിൽ വീഴ്ചയുണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; ലഭിച്ച ഫണ്ടും, ചെലവഴിച്ച കണക്കും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

കരിക്കുലം കമ്മിറ്റിയുടെ പ്രവർത്തനം

2880 ശ്രീമതി. ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ കരിക്കുലം കമ്മിറ്റിയുടെ നിലവിലുള്ള അവസ്ഥ വിശദീകരിക്കുമോ;

(ബി) എത്ര തവണ യോഗം ചേർന്നു;

(സി) ഏതെല്ലാം പാഠപുസ്തകങ്ങളുടെ കരട് തയ്യാറാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) യോഗം ചേരുവാൻ എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നതായറിയുമോ ?

**കേരള നിയമസഭ**
**15.02.2013-ലെ മറുപടിക്ക്**

<u>ടാബ്‌ലെറ്റ് കമ്പ്യൂട്ടർ പദ്ധതി</u>

2881 ശ്രീ. ഹൈബി ഈഡൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ആർ. സെൽവരാജ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടാബ്‌ലെറ്റ് കമ്പ്യൂട്ടർ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഈ പദ്ധതി ഏതെല്ലാം വിദ്യാഭ്യാസതലത്തിലാണ് നടപ്പിലാക്കുന്നത്; വിശദമാക്കുമോ ?

**കേരള നിയമസഭ**
**15.02.2013-ലെ മറുപടിക്ക്**

<u>കേരളാ സ്റ്റേറ്റ് ഓപ്പണ്‍ സ്കൂള്‍ പുന:സംഘടന</u>

2882 ശ്രീ. ഇ. പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളാ സ്റ്റേറ്റ് ഓപ്പണ്‍ സ്കൂളിനെ പുന: സംഘടിപ്പിച്ച് സ്റ്റേറ്റ് കൗണ്‍സില്‍ ഫോര്‍ ഓപ്പണ്‍ ആന്റ് ലൈഫ് ലോങ് എഡ്യൂക്കേഷന്‍ എന്ന സ്ഥാപനം രൂപികരിക്കുവാനും ട്രാവന്‍കൂര്‍ കൊച്ചിന്‍ ചാരിറ്റബിള്‍ സൊസൈറ്റീസ് ആക്ട് പ്രകാരം സൊസൈറ്റിയായി രജിസ്റ്റര്‍ ചെയ്യുവാനും സര്‍ക്കാര്‍ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവു പ്രകാരം സ്ഥാപനത്തിന്റെ ആസ്ഥാനം എവിടെയാണെന്നു നിര്‍ദ്ദേശിച്ചിട്ടുണ്ടോ;

(സി) മുന്‍ ഗവണ്‍മെന്റ് പുറപ്പെടുവിച്ച ഉത്തരവില്‍ ഇപ്പോള്‍ എന്തെല്ലാം ഭേദഗതികളാണു വരുത്തിയിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഉത്തരവുപ്രകാരം സ്ഥാപനത്തിന്റെ ആസ്ഥാനം ആദ്യ ഉത്തരവില്‍ വ്യവസ്ഥ ചെയ്തിരുന്ന സ്ഥലത്തുനിന്നും മറ്റേതെങ്കിലും സ്ഥലത്തേക്കു മാറ്റുവാന്‍ തീരുമാനിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ</u>

2883 ശ്രീ. എ.കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ നിലവിൽ എത്ര കരാർ ജീവനക്കാരുണ്ടെന്നും ഇപ്പോൾ ഏതൊക്കെ തസ്തികകളിൽ എത്ര വീതം ഒഴിവുകൾ ഉണ്ടെന്നും വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള കരാർ ജീവനക്കാരെ നിയമിച്ചത് പത്ര പരസ്യത്തിന്റെ അടിസ്ഥാനത്തിലാണോ;

(സി) ഇവരുടെ നിയമനത്തിന് തയ്യാറാക്കിയ റാങ്ക് ലിസ്റ്റുകൾ ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ചിരുന്നോ എന്നും ഈ റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കിയ നടപടിക്രമങ്ങളിൽ എന്തെങ്കിലും അപാകത ഉള്ളതായി ബഹു. ഹൈക്കോടതി ചൂണ്ടിക്കാണിച്ചിരുന്നോയെന്നും വെളിപ്പെടുത്തുമോ;

(ഡി) ഇപ്പോൾ ജോലി ചെയ്യുന്ന കരാർ ജീവനക്കാരുടെ പേര്, തസ്തിക, വിദ്യാഭ്യാസ യോഗ്യതകൾ, വയസ്സ്, ജാതി, മതം, ഇവർക്ക് ഇതുവരെ ഓപ്പൺ സ്കൂളിലുള്ള താത്കാലിക സേവനകാലയളവ് എന്നീ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഇ) നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാരുമായി ഉണ്ടാക്കിയിട്ടുള്ള കരാർ പ്രകാരമുള്ള നിയമന കാലയളവ് എന്ന് പൂർത്തിയാകുമെന്നും അതിനുശേഷം ഓപ്പൺ സ്കൂളിൽ സ്ഥിരനിയമനത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>'സ്കൂൾ മാപ്പിംഗ്' പദ്ധതി</u>

2884 ശ്രീ.എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ പ്രദേശത്തിന്റെയും വിദ്യാഭ്യാസപരമായ ആവശ്യം കണക്കാക്കുന്നതിനായി 'സ്കൂൾ മാപ്പിംഗ്' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ പ്രദേശത്തിന്റെയും വിദ്യാഭ്യാസ ആവശ്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകൾ</u>

2885 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര സ്കൂളുകൾ സർക്കാർ/എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്നു; ഇതിൽ എത്രയെണ്ണമാണ് ലാഭകരമല്ലെന്ന് കണ്ടെത്തിയിട്ടുള്ളത്; സർക്കാർ/എയ്ഡഡ് എന്നിങ്ങനെ എത്രയെണ്ണമെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ലാഭകരമല്ലാത്തവയിൽ പ്രാഥമിക വിദ്യാലയങ്ങൾ എത്ര ; പത്തിൽ താഴെ വിദ്യാർത്ഥികൾ ഉള്ള വിദ്യാലയങ്ങൾ എത്ര ; 25 ൽ താഴെ വിദ്യാർത്ഥികൾ ഉള്ള വിദ്യാലയങ്ങൾ എത്ര ;

(സി) ലാഭകരമല്ലാത്ത സ്കൂളുകളിലെ കുട്ടികളിൽ എത്ര ശതമാനം ദളിത് ആദിവാസി വിഭാഗത്തിൽപ്പെട്ടതാണെന്നും ലാഭകരമല്ലാതെ പ്രവർത്തിക്കുന്ന സർക്കാർ എയ്ഡഡ് സ്കൂളുകൾ ഏറ്റവും കൂടുതൽ ഏത് ജില്ലയിലാണെന്നും വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തെ മുഴുവൻ സ്കൂൾ വിദ്യാർത്ഥികൾക്കും 2013 മാർച്ചിനുള്ളിൽ ഏകീകൃത തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുമെന്ന പ്രഖ്യാപനം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; വിശദമാക്കുമോ;

(ഇ) ഏരിയ ഇന്റൻസീവ് പദ്ധതിക്കു കീഴിലുള്ള മലബാറിലെ 33 സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകണമെന്ന ഒരു വിഭാഗത്തിന്റെ ആവശ്യത്തിന്മേൽ സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>സർക്കാർ/എയ്ഡഡ് സ്ക്കൂളുകൾക്ക് അന്താരാഷ്ട്ര നിലവാരം</u>

2886 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്ക്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തുമെന്ന പ്രഖ്യാപനം നടത്തുകയുണ്ടായോ; അതിനായി 2012-'13 -ലെ ബഡ്ജറ്റ് പ്രസംഗത്തിലെ 64-ാം പേജിലെ 226-ാം ഖണ്ഡികയിൽ 200 കോടി രൂപ വകയിരുത്തിയതായി പ്രഖ്യാപിച്ചിരുന്നതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുയെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം സർക്കാർ സ്ക്കൂളുകളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയത്; പ്രസ്തുത സ്ക്കൂളുകളിൽ എന്തെല്ലാം ഭൗതികസാഹചര്യങ്ങൾ ഒരുക്കികൊടുത്തു; അതിന്റെ ഫലമായി വിദ്യാർത്ഥികൾക്ക് എന്തെല്ലാം സൗകര്യങ്ങൾ ലഭ്യമായി; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ പാലക്കാട് ജില്ലയിലെ ഏതു സ്ക്കൂളിനെയാണ് തെരഞ്ഞെടുത്തത്; എന്തെല്ലാം പ്രവർത്തനങ്ങൾ ഇതുവരെ നടത്തുകയുണ്ടായി; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ലാഭകരമല്ലാത്ത സ്ക്കൂളുകൾ</u>

2887 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്ക്കൂളുകളിൽ വിദ്യാർത്ഥികൾ കുറയുന്നതിനാൽ ഇത്തരം സ്ക്കൂളുകൾ ലാഭകരമല്ലെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ ഈ വിഭാഗത്തിൽപ്പെട്ട എത്ര എൽ.പി. യു.പി. ഹൈസ്ക്കുളുകൾ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള വിവരം നൽകുമോ;

(ബി) ഇത്തരം സ്ക്കൂളുകളിൽ പഠിക്കുന്നത് പട്ടികജാതി-പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട കുട്ടികളാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരുടെ പഠനം മുടങ്ങാതിരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കൂടുതലുള്ള എത്ര സ്ക്കൂളുകൾ ലാഭകരല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്; സ്ക്കൂളിന്റെ പേരും വിദ്യാർത്ഥികളുടെ എണ്ണവും വിശദമാക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

ലാഭകരമല്ലാത്തതായ സ്കൂളുകളുടെ വിശദാംശങ്ങൾ

2888 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലാഭകരമല്ലാത്തതായി സർക്കാർ കണ്ടെത്തിയിട്ടുള്ള സ്കൂളുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ സ്കൂളുകളിൽ ആവശ്യമായ അധ്യാപകരില്ലെന്ന വസ്തുത സർക്കാരിനറിയുമോ;

(സി) ലാഭകരമല്ലാത്ത സ്കൂളുകൾ പൂട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ലാഭകരമല്ലാത്ത സ്കൂളുകൾ പൂട്ടുന്നത് പൂർണ്ണമായും പാവപ്പെട്ടവരെയും ദളിത് ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെയുമാണ് ബാധിക്കുന്നതെന്ന കാര്യം രിശോധിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ, ലാഭകരമല്ലാത്ത സ്കൂളുകൾ പൂട്ടാനുള്ള നടപടികൾ പിൻവലിക്കുകയും ഈ സ്കൂളുകളിൽ ആവശ്യമായ അധ്യാപകരെ നിയമിച്ചുകൊണ്ട് സുഗമമായി പ്രവർത്തിപ്പിച്ച് കുട്ടികളുടെ ഭാവി സുരക്ഷിതമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>അനാദായകരമായ സ്കൂളുകൾ</u>

2889 ശ്രീ. കെ.ശിവദാസൻ നായർ
,, ഐ.സി. ബാലകൃഷ്ണൻ
,, എ.റ്റി.ജോർജ്
,, വി.റ്റി.ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനാദായകരമായ സ്കൂളുകളുടെ നിർവ്വചനത്തിലും വിദ്യാർത്ഥികളുടെ എണ്ണത്തിലും മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുളളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്ന് മുതലാണ് ഈ മാറ്റങ്ങൾ പ്രാബല്യത്തിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഇതു മൂലം നിർത്തലാക്കുന്ന സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് എന്തെല്ലാം പഠന സൗകര്യങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**15.02.2013-ലെ മറുപടിക്ക്**

<u>അനധികൃതമായി പ്രവർത്തിക്കുന്ന സ്കൂളുകൾ</u>

2890 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനധികൃതമായി പ്രവർത്തിക്കുന്ന എത്ര സ്കൂളുകളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) ഇത്തരം സ്കൂളുകളുടെ ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ;

(സി) അനധികൃതമായി പ്രവർത്തിക്കുന്ന സ്കൂളുകളുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
# 15.02.2013-ലെ മറുപടിക്ക്

എസ്.എസ്.എൽ.സി. പരീക്ഷയുടെ സമയം

2891 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഠിനമായ ചൂടുള്ള മാർച്ച് മാസത്തിൽ ഉച്ചയ്ക്ക് നടക്കുന്ന എസ്.എസ്.എൽ.സി പരീക്ഷയിൽ വിദ്യാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉച്ചയ്ക്ക് ആരംഭിക്കുന്ന പരീക്ഷ ഉച്ചയ്ക്കു മുമ്പ് നടത്തുന്നതിന് പരീക്ഷാ സമയം മാറ്റുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) ഉണ്ടെങ്കിൽ, വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>പി. ടി. എ. കള്‍ നടത്തുന്ന പ്രീ പ്രൈമറി ക്ലാസ്സുകള്‍ അടച്ചുപൂട്ടാന്‍ തീരുമാനം</u>

2892 ശ്രീ. മോന്‍സ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൊതുവിദ്യാഭ്യാസ രംഗത്ത് പി. ടി. എ. കള്‍ നടത്തുന്ന പ്രീ പ്രൈമറി ക്ലാസ്സുകള്‍ അടച്ചുപൂട്ടാന്‍ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കില്‍ കാരണം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ക്ലാസ്സുകള്‍ കൈകാര്യം ചെയ്യുന്ന അദ്ധ്യാപകരുടെയും ജീവനക്കാരുടെയും സേവന വേതന വ്യവസ്ഥകള്‍ക്ക് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) പ്രീ പ്രൈമറി ജീവനക്കാരെ പിരിച്ചുവിടാന്‍ എന്തെങ്കിലും നടപടി സര്‍ക്കാര്‍ ഭാഗത്തു നിന്ന് ഉണ്ടായിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്ത് എവിടെയെങ്കിലും ഇത്തരം അദ്ധ്യാപകരെ പിരിച്ചു വിട്ടിട്ടുണ്ടോ ; ഉണ്ടെങ്കില്‍ എവിടെയൊക്കെയാണ് ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>എൽ.പി. വിദ്യാലയത്തിൽ 5-ാം ക്ലാസ്സും യു.പി. വിഭാഗത്തിൽ 8-ാം ക്ലാസ്സും ആരംഭിക്കുന്നതിന് നടപടി</u>

2893 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൽ.പി. വിദ്യാലയത്തിൽ 5-ാം ക്ലാസ്സും യു.പി. വിഭാഗത്തിൽ 8-ാം ക്ലാസ്സും ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അടുത്ത അധ്യയന വർഷത്തിൽ ഇത്തരത്തിൽ ക്ലാസ്സുകൾ ക്രമീകരിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ;

(സി) എങ്കിൽ, വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>സ്വകാര്യമേഖലയിലെ സി. ബി. എസ്. സി. സ്കൂള്‍ അദ്ധ്യാപകരും ജീവനക്കാരും അനുഭവിക്കുന്ന ബുദ്ധിമുട്ടുകള്‍</u>

2894

ശ്രീ. പി. കെ. ബഷീര്‍
,, എം. ഉമ്മര്‍
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്വകാര്യമേഖലയിലെ സി. ബി. എസ്. സി. സ്കൂള്‍ അദ്ധ്യാപകരും ജീവനക്കാരും അനുഭവിക്കുന്ന ബുദ്ധിമുട്ടുകള്‍ പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ;

(ബി) ഇക്കാര്യത്തില്‍ നീതിന്യായക്കോടതിയുടെ നിര്‍ദ്ദേശമെന്തെങ്കിലും ശ്രദ്ധയില്‍ വന്നിട്ടുണ്ടോ; എങ്കില്‍ അതു സംബന്ധിച്ച വിശദവിവരം നല്‍കാമോ;

(സി) ഇക്കാര്യത്തില്‍ കേന്ദ്ര ഗവണ്‍മെന്റിന്റെ നിലപാടെന്താണ്; ഇതിനായി സംസ്ഥാന സര്‍ക്കാരിന് എന്തൊക്കെ നടപടികള്‍ സ്വീകരിക്കാനാവും;

(ഡി) അടുത്ത അദ്ധ്യായന വര്‍ഷം മുതലെങ്കിലും ഈ വിഭാഗം ജീവനക്കാര്‍ നേരിടുന്ന പ്രശ്നങ്ങള്‍ പരിഹരിക്കാനും അവര്‍ക്ക് ന്യായമായ ശമ്പളവും സേവന വ്യവസ്ഥകളും ഏര്‍പ്പെടുത്താനും ശക്തമായ നടപടികള്‍ സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**15.02.2013-ലെ മറുപടിക്ക്**

<u>റാഗിംഗ്</u>

2895 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടന്നു വരുന്ന ക്രൂരമായ റാഗിംഗ് തടയുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമോ ;

(ബി) നിയമനടപടികളുണ്ടായിട്ടും ഇത്തരം ഹീനമായ പ്രവർത്തികൾ തുടർന്നു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആയത് പൂർണ്ണമായും അവസാനിപ്പിക്കുവാൻ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**15.02.2013-ലെ മറുപടിക്ക്**

<u>സ്ക്കൂളുകളുടെ പ്രവർത്തന സമയം</u>

2896 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സ്ക്കൂളുകളുടെ പ്രവർത്തന സമയം മാറ്റുന്നകാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

സ്കൂൾ പാഠ്യപദ്ധതി പരിഷ്ക്കരണം

2897 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ പാഠ്യപദ്ധതി ഉടൻ പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എത്ര വർഷത്തിലൊരിക്കലാണ് പാഠ്യപദ്ധതി പരിഷ്ക്കരിക്കുന്നത് ;

(സി) അവസാനമായി പാഠ്യപദ്ധതി പരിഷ്ക്കരിച്ചത് ഏത് വർഷമാണ് ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>സർക്കാർ ഇംഗ്ലീഷ്മീഡിയം സ്കൂളുകളിലെ കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാനിലവാരം</u>

2898 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലെ കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാ നിലവാരം പരിശോധിക്കുവാനും മെച്ചപ്പെടുത്തുവാനും ഏതെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ വിശദമാക്കുമോ ; ഈ സർക്കാർ വന്നതിനുശേഷം സർക്കാർ വിദ്യാലയങ്ങളിലെ ഇംഗ്ലീഷ് ഭാഷാ പഠനത്തിനുവേണ്ടി നടപ്പിലാക്കിയിട്ടുള്ള പുതിയ പദ്ധതികൾ വിശദമാക്കുമോ ; ഇതിനുവേണ്ടി ഇംഗ്ലീഷ് ഭാഷാധ്യാപകർക്കും മറ്റ് വിഷയങ്ങൾ ഇംഗ്ലീഷിൽ പഠിപ്പിക്കുന്ന അധ്യാപകർക്കും പ്രത്യേക പരിശീലനം നൽകുന്നുണ്ടോ വിശദാംശം ലഭ്യമാക്കുമോ ;

(ബി) മത്സരപരീക്ഷകളിൽ സർക്കാർ വിദ്യാലയങ്ങളിൽ പഠിച്ചു വരുന്ന കുട്ടികൾ മെച്ചപ്പെട്ട പ്രകടനം കാഴ്ചവയ്ക്കുന്നതിനുവേണ്ടി സ്കൂൾ തലത്തിൽ കുട്ടികൾക്ക് നൽകുന്ന പ്രത്യേക പരിശീലനം എന്താണെന്നു പറയാമോ ; ഇതിനുവേണ്ടി അധ്യാപകരെ പ്രത്യേകമായി നിയമിക്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>പാഠപുസ്തക പരിഷ്ക്കരണവും അച്ചടിയും</u>

2899 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടുത്ത അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ ഏതെല്ലാം ക്ലാസുകളിലെ പാഠപുസ്തകങ്ങളാണ് പരിഷ്കരിക്കാൻ ഉദ്ദേശിച്ചിട്ടുളളത്;

(ബി) അതിനുളള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) പാഠപുസ്തകങ്ങളുടെ അച്ചടി ജോലികൾ എന്നത്തേയ്ക്ക് ആരംഭിയ്ക്കാൻ കഴിയും എന്നാണ് കരുതുന്നത്;

(ഡി) അദ്ധ്യയന വർഷം ആരംഭത്തിൽ തന്നെ വിദ്യാർത്ഥികൾക്ക് ആവശ്യത്തിന് പുസ്തകങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ആർ.എം. എസ്.എ പദ്ധതി</u>

2900 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ) പദ്ധതിയിൽ സംസ്ഥാനത്തിന് എത്ര കോടി രൂപ അനുവദിച്ചു;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര തുക കേന്ദ്രം നൽകും; സംസ്ഥാന വിഹിതം എത്ര; വിശദമാക്കുമോ;

(സി) ഏതൊക്കെ ഇനങ്ങളിലാണ് പ്രസ്തുത തുക ചെലവഴിക്കാൻ അനുവാദം നൽകിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത തുക ഈ സർക്കാരിന്റെയും മുൻ സർക്കാരിന്റെയും കാലത്ത് അനുവദിക്കപ്പെട്ട, 550 പ്ലസ് ടു അധിക ബാച്ചുകളിലേക്കുള്ള അദ്ധ്യാപക/അനദ്ധ്യാപക ലാബ് അസിസ്റ്റന്റുമാർ ഉൾപ്പെടെയുള്ളവർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഇ) കൂടാതെ ഇപ്രകാരം ജോലി ചെയ്യുന്ന അദ്ധ്യാപക-അനദ്ധ്യാപകരെ പങ്കാളിത്ത പെൻഷനിൽ നിന്നും ഒഴിവാക്കാനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

സര്‍വ്വശിക്ഷാ അഭിയാന്‍ പദ്ധതികള്‍ക്കായി കേന്ദ്ര സര്‍ക്കാര്‍ അനുവദിച്ച തുക

2901 ശ്രീ. മുല്ലക്കര രത്നാകരന്‍
'' ജി. എസ്. ജയലാല്‍
'' കെ. അജിത്
'' വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍വ്വ ശിക്ഷാ അഭിയാന്‍ പദ്ധതിയില്‍ ഉള്‍പ്പെടുത്തി ഈ അദ്ധ്യയന വര്‍ഷത്തേയ്ക്ക് കേന്ദ്ര സര്‍ക്കാര്‍ എത്ര തുക അനുവദിച്ചു. ഇതുവരെ എത്ര തുക ചെലവഴിച്ചു;

(ബി) പൊതു വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ അദ്ധ്യയനവര്‍ഷം ചെലവഴിച്ച തുക എത്ര; എട്ടാം ക്ലാസ് വരെയുള്ള പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് ഈ അദ്ധ്യയന വര്‍ഷം നടപ്പാക്കിയ പദ്ധതികള്‍ എന്തെല്ലാം ഇതിനായി, എത്ര രൂപ ചെലവഴിച്ചു;

(സി) പരീക്ഷാ കാലമായതിനാല്‍ ഈ അദ്ധ്യയന വര്‍ഷം ഇനി പുതിയ പദ്ധതികള്‍ ആവിഷ്കരിച്ചു നടപ്പാക്കാന്‍ കഴിയുമോ; ഇല്ലെങ്കില്‍ തുക ലാപ്സാകാതിരിക്കാന്‍ എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>എസ്.എസ്.എ. പദ്ധതി</u>

2902 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍വ്വശിക്ഷാ അഭിയാന്‍ (എസ്.എസ്.എ) പദ്ധതിയില്‍ കേന്ദ്ര സര്‍ക്കാര്‍ 2012-13 അധ്യയനവര്‍ഷം അനുവദിച്ചത് എത്ര കോടി രൂപ ; ആയതില്‍ 2013 ജനുവരി 31 വരെ ചെലവഴിച്ചത് എത്ര ; ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയത് എത്രകോടി രൂപ; ആയത് 2011-12 അധ്യയന വര്‍ഷത്തില്‍ എപ്രകാരമായിരുന്നു; വിശദാംശം അറിയിക്കുമോ ;

(ബി) ഈ സര്‍ക്കാര്‍ വന്നതിന് ശേഷം നാളിതുവരെ എസ്.എസ്.എ പദ്ധതിപ്രകാരം കേന്ദ്രസര്‍ക്കാര്‍ അനുവദിച്ച എത്ര കോടി രൂപ സംസ്ഥാനം ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയെന്ന് വിശദമാക്കുമോ;

(സി) ഇപ്രകാരം തുക നഷ്ടപ്പെടുത്തിയതുവഴി സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനും മുഴുവന്‍ വിദ്യാലയങ്ങളിലെയും എട്ടാംക്ലാസ്സുവരെയുള്ള പഠനനിലവാരം ഉയര്‍ത്താനുമായി നടപ്പാക്കിയിരുന്ന പദ്ധതിയാണ് വഴിമുട്ടിയത് എന്നുള്ള വസ്തുത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

(ഡി) ഭിന്നശേഷിയുള്ള വിദ്യാര്‍ത്ഥികള്‍ക്ക് വിവിധ സഹായ ഉപകരണങ്ങള്‍ വാങ്ങുന്നതിന്റെ മറവില്‍ എസ്.എസ്.എയില്‍ വന്‍ അഴിമതിക്ക് നീക്കം നടക്കുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതിപ്രകാരം ഏതൊക്കെ സഹായ ഉപകരണങ്ങള്‍ വാങ്ങുന്നതിന് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

(എഫ്) പ്രസ്തുത പദ്ധതി പ്രകാരം ഏത് സ്ഥാപനത്തിൽ നിന്നുമാണ് സഹായ ഉപകരണങ്ങൾ വാങ്ങാൻ കേന്ദ്രമാനവശേഷി വികസന മന്ത്രായലത്തിന്റെ നിർദ്ദേശം; അല്ലാത്ത പക്ഷം വേറെ എന്ത് നിർദ്ദേശമാണ് കേന്ദ്രമാനവശേഷി വികസന മന്ത്രാലയം നൽകിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ജി) പ്രസ്തുത നിർദ്ദേശങ്ങളെല്ലാം കണക്കിലെടുക്കാതെ ചില സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും വൻതോതിൽ സഹായ ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്യാനാണ് എസ്.എസ്.എ തീരുമാനിച്ചുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

എസ്.എസ്.എ ഫണ്ട്

2903 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എ ഫണ്ടിനത്തിൽ കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാന സർക്കാരിന് ഈ വർഷം എത്ര തുക ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ലഭിച്ച തുകയിൽ നിന്നും എത്ര ശതമാനം തുക സർക്കാർ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മലപ്പുറം ജില്ലയിൽ എസ്.എസ്.എ ഫണ്ട് ഉപയോഗിച്ച് ഈ വർഷം നടത്തിയ പ്രവർത്തനങ്ങളുടെ ലിസ്റ്റ് നൽകാമോ?

## കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

എസ്.എസ്.എ. പദ്ധതിയിലൂടെ നടക്കുന്ന പ്രവർത്തനങ്ങൾ

2904 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ എസ്.എസ്.എ. പദ്ധതിയിലൂടെ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നത്; എസ്.എസ്.എ.യുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ സർക്കാർ എസ്.എസ്.എ.യിൽ നിന്ന് ജീവനക്കാരെ പിരിച്ചുവിടുകയുണ്ടായോ; എങ്കിൽ, എത്രപേരെ, ഏതെല്ലാം തസ്തികയിൽനിന്നുമാണ് പിരിച്ചുവിട്ടത് എന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ എസ്.എസ്.എ.യിൽ ആരെയൊക്കെ ഏതെല്ലാം തസ്തികകളിൽ പി.എസ്.സി. വഴിയല്ലാതെ നിയമിച്ചു എന്ന് വെളിപ്പെടുത്തുമോ; എസ്.എസ്.എ. യിലെ നിയമനങ്ങളുമായി ബന്ധപ്പെട്ട് പരാതി ഉയർന്നിട്ടുണ്ടോ;

(ഡി) 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ എസ്.എസ്.എ.യ്ക്ക് കേന്ദ്രത്തിൽനിന്നും അനുവദിച്ച ഫണ്ട് എത്രയായിരുന്നു; രണ്ടുവർഷങ്ങളിലും അനുവദിച്ച തുക മുഴുവൻ ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ, എത്ര തുക ലാപ്സായി എന്ന് വ്യക്തമാക്കാമോ; ഇതിനുള്ള കാരണം അറിയിക്കാമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

എസ്.സി.ഇ.ആർ.ടി, സ്റ്റേറ്റ് ഓപ്പൺ സ്കൂൾ, എസ്. എസ്.എ എന്നീ സ്ഥാപനങ്ങളിൽ നടക്കുന്ന താൽക്കാലിക നിയമനങ്ങൾ

2905 ശ്രീ. വി ചെന്താമരാക്ഷൻ
'' ജെയിംസ് മാത്യു
'' വി. ശിവൻകുട്ടി
'' പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസവകുപ്പിൻ കീഴിൽ വരുന്ന എസ്.സി.ഇ. ആർ.ടി, സ്റ്റേറ്റ് ഓപ്പൺ സ്കൂൾ, എസ്.എസ്.എ എന്നീ സ്ഥാപനങ്ങളിൽ നടക്കുന്ന താൽക്കാലിക നിയമനങ്ങളിൽ ക്രമക്കേട് നടക്കുന്നതായ ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത സ്ഥാപനങ്ങളിൽ താൽക്കാലിക നിയമനങ്ങൾ നടന്നിട്ടുണ്ടോ; എങ്കിൽ, ഏതെല്ലാം തസ്തികകളിൽ എത്രപേരെ നിയമിച്ചു എന്ന് വെളിപ്പെടുത്താമോ; നിയമനങ്ങളിൽ ക്രമക്കേട് ആരോപിച്ച് കേസ് നലവിലുണ്ടോ; കേസിന്റെ വിശദാംശം നൽകാമോ;

(സി) ഇവിടങ്ങളിൽ വീണ്ടും താൽക്കാലിക നിയമനങ്ങൾ നടത്തുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഏതെല്ലാം തസ്തികകളിലേക്ക്; എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ഡി) ഇത്തരം നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി ആയിരിക്കണമെന്ന വ്യവസ്ഥ ലംഘിച്ചുകൊണ്ടുള്ളതാണെന്നറിയാമോ;

(ഇ) നടത്താൻ പോകുന്ന നിയമനങ്ങൾക്ക് പരീക്ഷയും അഭിമുഖവും നടത്തുന്നുണ്ടോ; പരീക്ഷ നടത്തുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(എഫ്) നടക്കാൻ പോകുന്ന നിയമന നടപടികൾ സംബന്ധിച്ച പരാതിയിൽ ലോകായുക്ത ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉത്തരവിന്റെ വിശദാംശങ്ങൾ നൽകാമോ;

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

(ജി) മേല്‍പ്പറഞ്ഞ സ്ഥാപനങ്ങളിലെ നിയമനങ്ങളുടെ പേരിലുള്ള പരാതിയിന്‍മേല്‍ ആരുടെയെല്ലാം പേരില്‍ ലോകായുക്ത നോട്ടീസ് അയച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>സർക്കാർ സ്കൂളുകളിൽ എസ്.എസ്.എ വഴി സ്പെഷ്യൽ അദ്ധ്യാപകർക്ക് താൽക്കാലികാടിസ്ഥാനത്തിൽ നിയമനം</u>

2906 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ എസ്.എസ്.എ വഴി സ്പെഷ്യൽ അദ്ധ്യാപകരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുകയുണ്ടായോ;

(ബി) എത്ര അദ്ധ്യാപകരെയാണ് ഈ വിധം നിയമനം നടത്തിയത്; അവരുടെ സേവന വേതനവ്യവസ്ഥകൾ എന്തെല്ലാമാണ്; എത്ര കാലത്തേക്കാണ് നിയമനം;

(സി) താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമാണ്; ഇതെല്ലാം നിയമനത്തിൽ പാലിക്കുകയുണ്ടായോ; നിയമനത്തിന് അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം ചെയ്യുകയുണ്ടായോ; എഴുത്തുപരീക്ഷയും ഇന്റർവ്യൂവും നടത്തിയിരുന്നുവോ;

(ഡി) ഈ നിയമനത്തിൽ ക്രമക്കേട് നടന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ, പരിശോധിക്കുകയുണ്ടായോ; എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**15.02.2013-ലെ മറുപടിക്ക്**

<u>സ്കൂളുകളിൽ ഉച്ചഭക്ഷണം</u>

2907 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതി ശരിയായ രീതിയിൽ നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടതെന്ന വ്യക്തമാക്കാമോ ;

(സി) ഉച്ചഭക്ഷണം പദ്ധതിയുടെ ശരിയായ നടത്തിപ്പിനാവശ്യമായ ഫണ്ട് എത്രയും പെട്ടെന്ന് ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>സ്കൂൾ ഉച്ചഭക്ഷണ പദ്ധതി</u>

2908 ശ്രീ. എം. ഉമ്മർ
,, സി. മമ്മൂട്ടി
,, പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കുന്നതിന് സ്കൂളുകൾക്ക് ആവശ്യമായ ഫണ്ട് ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്കൂൾ ഉച്ചഭക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നത് ഏത് വർഷത്തെ വിലനിലവാരസൂചികയെ ആധാരമാക്കിയാണ്; വിശദാംശം നൽകുമോ ;

(സി) നിത്യോപയോഗ സാധനങ്ങളുടെ വില ഉയർന്ന സാഹചര്യത്തിൽ നിലവിലുള്ള വിലനിലവാരസൂചികയെ അടിസ്ഥാനമാക്കി ഫണ്ട് അനുവദിക്കുന്നകാര്യം പരിഗണിക്കുമോ ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>എല്ലാ സർക്കാർ സ്കൂളുകളിലും ഉച്ചഭക്ഷണം</u>

2909 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ സ്കൂളുകളിലും ഉച്ചഭക്ഷണം നൽകിവരുന്നുണ്ടോ;

(ബി) സർക്കാർ ഗ്രാന്റ് നൽകാത്തതുകൊണ്ട് ഈ പദ്ധതി ഏതെല്ലാം സ്കൂളുകളിൽ മുടങ്ങിയിട്ടുണ്ടെന്നു വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) ഈ പദ്ധതി സംബന്ധിച്ച് സർക്കാർ സ്വീകരിച്ചു വരുന്ന നടപടികളുടെ സംക്ഷിപ്ത വിവരം നൽകുമോ;

(ഡി) കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലയളവിൽ സ്കൂളുകളിൽ പ്രഭാത ഭക്ഷണം നൽകി വന്നിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പദ്ധതി ഇപ്പോഴും നടപ്പിലാക്കി വരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>സ്കൂൾ ഉച്ചഭക്ഷണ പദ്ധതി ഫണ്ടിന്റെ അഭാവം</u>

2910 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. പി. റ്റി. എ. റഹീം
,, കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 'സ്കൂൾ ഉച്ചഭക്ഷണ പദ്ധതി' ഫണ്ടിന്റെ അഭാവം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നവംബർ മുതൽ മാർച്ച് വരെ പദ്ധതി നടത്തിപ്പിനായി അനുവദിക്കേണ്ട രണ്ടാം ഗഡു തുക പ്രധാന അദ്ധ്യാപകർക്ക് ലഭിച്ചിട്ടില്ല എന്ന കാര്യം അറിവുള്ളതാണോ;

(സി) ഈ അദ്ധ്യയനവർഷം മുതൽ നടപ്പിലാക്കിയ സാധനത്തിനു പകരം പണം അനുവദിക്കുന്ന സംവിധാനം ഉച്ചഭക്ഷണ പദ്ധതിയെ പ്രതികൂലമായി ബാധിക്കുന്നതാണെന്ന പരാതിയുള്ളതായി അറിയാമോ ;

(ഡി) ഭക്ഷ്യവസ്തുക്കളുടെ ക്രമാതീതമായ വിലക്കയറ്റം മൂലം അനുവദിക്കുന്ന തുക പോലും മതിയാകാത്ത സാഹചര്യത്തിൽ ഇതിനുവേണ്ടി അനുവദിക്കുന്ന തുക സമയത്തിന് ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 15.02.2013-ലെ മറുപടിക്ക്

<u>സൗജന്യ യൂണിഫോം പദ്ധതി</u>

2911 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ സര്‍ക്കാര്‍ സ്ക്കൂളുകളില്‍ എസ്.എസ്.എ. വഴി നടപ്പിലാക്കിയ സൗജന്യ യൂണിഫോം പദ്ധതിക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതി എയ്ഡഡ് സ്ക്കൂളുകളില്‍ നടപ്പിലാക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കില്‍ ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് എന്തെങ്കിലും ഇടപെടലുകള്‍ കേന്ദ്ര സര്‍ക്കാരില്‍ ചെലുത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 15.02.2013-ലെ മറുപടിക്ക്

സ്കൂൾ വിദ്യാർത്ഥികൾക്ക് തിരിച്ചറിയൽ കാർഡ്

2912 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ_വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള പ്രവർത്തനം ഏത് ഘട്ടത്തിലാണ്;

(ബി) വിദ്യാർത്ഥികളെ പൂർണ്ണമായും രജിസ്റ്റർ ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) രജിസ്ട്രേഷൻ പൂർത്തിയാക്കിയ ജില്ലകളുണ്ടോ; ഏറ്റവും കുറവ് രജിസ്ട്രേഷൻ നടന്നത് ഏത് ജില്ലയിലാണ്;

(ഡി) 2013 മാർച്ചിൽ തിരിച്ചറിയൽ കാർഡ് വിതരണം പൂർത്തിയാകുമെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ, എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>സ്കൂൾ കുട്ടികളുടെ</u>
<u>ആരോഗ്യ സംരക്ഷണപദ്ധതി</u>

2913 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ മുഴുവൻ സ്കൂൾ കുട്ടികളുടെയും ആരോഗ്യ സംരക്ഷണത്തിനായി, ആരോഗ്യ വകുപ്പുമായി ചേർന്ന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>എസ്.പി.സി(സ്റ്റുഡന്റ് പോലീസ് കേഡറ്റ്) പദ്ധതി</u>

2914 ശ്രീ. മാത്യു. റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.പി.സി(സ്റ്റുഡന്റ് പോലീസ് കേഡറ്റ്) പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന കുട്ടികൾക്ക്, ഗ്രേസ് മാർക്ക് നൽകുവാൻ ഉത്തരവായിട്ടുണ്ടോ;

(ബി) ഈ വർഷം എസ്.എസ്.എൽ.സി പരീക്ഷ എഴുതുവാൻ പോകുന്ന കുട്ടികൾക്ക് ഇതിന്റെ ആനുകൂല്യം ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ, അതിനുളള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

സ്ക്കൂൾ ബസ്സുകളിൽ ഹാജർ പുസ്തകം

2915 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ബസ്സുകളിൽ ഹാജർ പുസ്തകം ഉപയോഗിക്കണമെന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ഈ നിർദ്ദേകം നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

**കേരള നിയമസഭ**
**15.02.2013-ലെ മറുപടിക്ക്**

<u>സ്കൂള്‍ ക്ലാസ് വിഭാഗ പുനര്‍നിര്‍ണ്ണയം</u>

2916 ശ്രീ. സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

വിദ്യാഭ്യാസ അവകാശനിയമമനുസരിച്ച് 5-ാം ക്ലാസ് എല്‍.പി. വിഭാഗത്തിലേക്കും 8-ാം ക്ലാസ് യു.പി വിഭാഗത്തിലേയ്ക്കും 9 മുതല്‍ 12 വരെ ക്ലാസുകള്‍ സെക്കന്ററി വിഭാഗത്തിലേക്കും മാറ്റുന്നതിനുള്ള നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കില്‍ വിശദമാക്കുമോ

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മെമ്പർമാരായി തെരഞ്ഞെടുക്കപ്പെടുന്ന എയ്ഡഡ് സ്ക്കൂൾ അദ്ധ്യാപകർ

2917 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്ക്കൂൾ അദ്ധ്യാപകർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മെമ്പർമാരായി തെരഞ്ഞെടുക്കപ്പെടുന്നതുമൂലം സ്ക്കൂളുകളിൽ അദ്ധ്യായനത്തിന് പ്രയാസങ്ങളുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തെരഞ്ഞെടുക്കപ്പെടുന്ന അദ്ധ്യാപകർ കാലാവധി പൂർത്തിയാവുന്നതുവരെ ലീവ് എടുക്കണമെന്ന നിബന്ധനവെയ്ക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ഇരിട്ടി വിദ്യാഭ്യാസ ഉപജില്ല</u>

2918 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏറ്റവും വലിയ വിദ്യാഭ്യാസ ഉപജില്ലയായ 'ഇരിട്ടി വിദ്യാഭ്യാസ ഉപജില്ല' വിഭജിച്ച് പേരാവൂർ ആസ്ഥാനമായി പുതിയ വിദ്യാഭ്യാസ ഉപജില്ല രൂപീകരിക്കേണ്ടതിന്റെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, സമയബന്ധിതമായി ഇരിട്ടി വിദ്യാഭ്യാസ ഉപജില്ല വിഭജിച്ച് പേരാവൂർ ആസ്ഥാനമായി പുതിയ ഉപജില്ല രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>പാലോളി കമ്മിറ്റി റിപ്പോർട്ട്</u>

2919 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലോളി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുസ്ലീം ജനവിഭാഗങ്ങൾക്കിടയിലുള്ള വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന്, എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇതുപ്രകാരം കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ന്യൂനപക്ഷകേന്ദ്രീകൃത പ്രദേശങ്ങളിൽ എത്ര ഹൈസ്ക്കൂൾ, ഹയർസെക്കണ്ടറി സ്ക്കൂൾ, ഐ.ടി.ഐ. എന്നിവ അനുവദിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ന്യൂനപക്ഷപദവി ലഭിച്ച സ്കൂളുകൾ</u>

2920 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷപദവി ലഭിച്ച എത്ര സ്കൂളുകൾ ഉണ്ടെന്ന് അറിയിക്കുമോ;

(ബി) സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സിലബസ്സുകൾ പഠിപ്പിക്കുന്ന സംസ്ഥാനത്തെ എത്ര സ്വകാര്യ വിദ്യാലയങ്ങൾ ന്യൂനപക്ഷപദവിക്ക് അപേക്ഷ നൽകിയിട്ടുണ്ടെന്നും, എത്രയെണ്ണത്തിന് ന്യൂനപക്ഷപദവി അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കുമോ;

(സി) ഇവയിൽ, ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റ് അനുസരിച്ച് രജിസ്റ്റർ ചെയ്ത എത്ര സ്കൂളുകൾ ഉണ്ടെന്നു വ്യക്തമാക്കുമോ;

(ഡി) ഇത്തരം സ്കൂളുകൾക്ക് ന്യൂനപക്ഷപദവിക്ക് അർഹതയുണ്ടോ എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ഐ. ഡി. എം. ഐ. സ്കിം</u>

2921 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. ഡി. എം. ഐ. സ്കീം പ്രകാരം കേന്ദ്രസർക്കാരിൽ നിന്നും എന്തു തുക സംസ്ഥാന സർക്കാരിന് ലഭിച്ചുവെന്നും എന്നാണ് തുക ലഭിച്ചതെന്നും എപ്പോഴാണ് പ്രസ്തുത തുക വിതരണം ചെയ്തതെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സഹായം ന്യൂനപക്ഷ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നതിനുണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ഗ്രാന്റ് ഇൻ-എയ്ഡ് കമ്മിറ്റി 2013 വർഷത്തേക്ക് ന്യൂനപക്ഷ സ്ഥാപനങ്ങളെ ഐ. ഡി. എം.ഐ സ്കീമിലേയ്ക്ക് ശുപാർശ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) ഉണ്ടെങ്കിൽ, സ്ഥാപനങ്ങളുടെ പേര് വിവരം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 15.02.2013-ലെ മറുപടിക്ക്

മലബാറിലെ 33 സ്ക്കൂളുകൾക്ക് എയ്ഡഡ് പദവി

2922 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, പി. ശ്രീരാമകൃഷ്ണൻ
,, ബാബു എം. പാലിശ്ശേരി
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാറിലെ 33 സ്ക്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നത് സംബന്ധിച്ച് ആലോചിക്കുന്നുണ്ടോ; എങ്കിൽ, അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

(ബി) മുൻസർക്കാരിന്റെ കാലത്ത് ഈ സ്ക്കൂളുകൾ ഏറ്റെടുക്കുന്നതിനായി നടപടികൾ തുടങ്ങിയിരുന്നോ;

(സി) ഏര്യാ ഇന്റൻസീവ് പ്രോഗ്രാം (എ.ഐ.പി.) അനുസരിച്ച് കേന്ദ്ര സർക്കാരിന്റെ പൂർണ്ണ ചെലവിൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിച്ച് പ്രവർത്തിക്കുന്ന ഇത്തരം സ്ക്കൂളുകൾ എയിഡഡ് സ്ക്കൂളുകളാക്കി മാറ്റുന്നത് ഉചിതമാണെന്ന് കരുതുന്നുണ്ടോ;

(ഡി) ഈ സ്കൂളുകളെ സർക്കാർ ഏറ്റെടുക്കാനും പി.എസ്. സി. വഴി നിയമനം നടത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് എയിഡഡ് പദവി

2923 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് വർഷത്തിനിടെ സംസ്ഥാനത്ത് ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് എയിഡഡ് പദവി നൽകുകയോ, പദവി നൽകുന്നതിന് ശുപാർശ നടത്തുകയോ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ എത്ര വിദ്യാലയങ്ങൾക്ക് നൽകിയെന്നും അവ ഏതെല്ലാമാണെന്നും ഇവയുടെ മാനേജ്മെന്റ് ആരെല്ലാമാണെന്നും വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ഏരിയ ഇന്റൻസീവ് പ്രോഗ്രാം</u>

2924 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏരിയ ഇന്റൻസീവ് പ്രോഗ്രാമിൻ കീഴിലെ സ്കൂളുകളിലെ ജീവനക്കാർക്ക് സർക്കാർ അധ്യാപകരുടേതിനും ജീവനക്കാരുടേതിനും തുല്യമായ സേവന വേതന വ്യവസ്ഥ അംഗീകരിച്ചു നടപ്പാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ, ഇതിന് മുൻകാല പ്രാബല്യം നൽകുമോ; വിശദമാക്കുമോ;

(സി) എയ്ഡഡ് മേഖലയിൽ കുട്ടികളുടെ എണ്ണക്കുറവ് മൂലം ശമ്പളം ലഭിക്കാതെ പുറത്തു നിൽക്കുന്ന അനധ്യാപകജീവനക്കാർക്ക് പ്രത്യേക പാക്കേജ് പ്രഖ്യാപിച്ച് സംരക്ഷിക്കാമോ;

(ഡി) ഇത്തരത്തിൽ എത്ര ജീവനക്കാർ സംസ്ഥാന തലത്തിലുണ്ടെന്ന് വിശദമാക്കുമോ;

(ഇ) ഇവരെ സംരക്ഷിക്കാൻ എന്തു നടപടികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ഏര്യാ ഇന്റൻസീവ് പ്രോഗ്രാം അനുസരിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾ</u>

2925 ശ്രീ. ഇ.പി.ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏര്യാ ഇന്റൻസീവ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും, അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനും, അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും ശമ്പളം ലഭ്യമാക്കുന്നതിനും, കേന്ദ്ര പദ്ധതി മാർഗരേഖയിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും പ്രസ്തുത പദ്ധതിയുടെ മാർഗ്ഗനിർദ്ദേശത്തിന്റെ പകർപ്പും ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് എത്ര സ്കൂളുകൾ, ഏതെല്ലാം ജില്ലകളിൽ അനുവദിച്ചു; ഏതു വർഷമാണ് അനുവദിച്ചത്;

(സി) പ്രസ്തുത സ്കൂളുകൾക്ക് എയ്ഡഡ് സ്കൂൾ പദവി നൽകുന്നതോടെ പ്രതിവർഷം എത്ര സാമ്പത്തിക ബാദ്ധ്യതയുണ്ടാകുമെന്നും പ്രസ്തുത സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

ഏരിയ ഇന്റൻസീവ് ഡെവലപ്മെന്റ് പ്രോഗ്രം

2926 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏരിയ ഇന്റൻസീവ് ഡെവലപ്മെന്റ് പ്രോഗ്രാമിലൂടെ നിലവിൽ വന്ന 33 സ്കൂളുകൾ ഏറ്റെടുക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇവ സർക്കാർ സ്കൂളുകളായി ഏറ്റെടുക്കുന്നതിന്, എന്ത് തടസ്സമാണ് നിലനിൽക്കുന്നത് എന്ന് വിശദമാക്കാമോ;

(സി) ഈ സ്കൂളുകളിലെ അധ്യാപക നിയമനം ഏതുതരത്തിൽ നടത്താനാണ് അലോചിക്കുന്നത്; വിശദമാക്കാമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാന സ്കൂൾ യുവജനോത്സവം</u>

2927 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറത്ത് നടന്ന സംസ്ഥാന സ്കൂൾ യുവജനോത്സവ നടത്തിപ്പിനായി, എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് കഴിഞ്ഞ കലോത്സവത്തിന് ചെലവഴിച്ചതിനേക്കാൾ എത്ര അധികമാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

സ്കൂള്‍ കലാ-കായിക മേളകളുടെ നടത്തിപ്പിന്
വിദ്യാര്‍ത്ഥികളില്‍ നിന്ന് പിരിവ്

2928 ശ്രീ. ആര്‍. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് സ്കൂള്‍ കലാ-കായിക മേളകളുടെ നടത്തിപ്പിന് വിദ്യാര്‍ത്ഥികളില്‍ നിന്ന് പണം സ്വരൂപിക്കാന്‍ ഉത്തരവിറക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത ഉത്തരവുകള്‍ ഏതൊക്കെയെന്ന് വെളിപ്പെടുത്താമോ ;

(സി) കലാ-കായിക മേളകള്‍ക്ക് പൊതുജനങ്ങളില്‍ നിന്നും പിരിച്ചെടുക്കുന്ന പണത്തിന്റെ കണക്കുകള്‍ പരിശോധിക്കാറുണ്ടോ; വിശദാംശം നല്‍കാമോ ?

# കേരള നിയമസഭ
# 15.02.2013-ലെ മറുപടിക്ക്

<u>സ്ക്കൂൾ കലോത്സവങ്ങളിൽ വഞ്ചിപ്പാട്ട് മത്സരം</u>

2929 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ക്കൂൾ കലോത്സവങ്ങളിൽ മത്സരയിനമായി അംഗീകരിച്ച വഞ്ചിപ്പാട്ട് മത്സരം വെച്ചുപാട്ട്, കുട്ടനാടൻ, ആറൻമുള എന്നീ മൂന്ന് രീതികളും ഒറ്റമത്സരമായി നടത്തുന്നത് വിധിനിർണ്ണയത്തിന് ബുദ്ധിമുട്ടാകുന്നു എന്നുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വഞ്ചിപ്പാട്ട് മത്സരത്തിൽ ഈ മൂന്ന് രീതികൾക്കായി തുടർന്നുള്ള കലോത്സവങ്ങളിൽ പ്രത്യേകം പ്രത്യേകം മത്സരയിനങ്ങളായി നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

ശാരീരികവും മാനസികവുമായ ന്യൂനതകൾ ഉള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിന് സൗകര്യങ്ങൾ

2930 ശ്രീ. പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശാരീരികവും മാനസികവുമായ ന്യൂനതകൾ ഉള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിന് നിലവിൽ എന്തെല്ലാം സൗകര്യങ്ങളാണ് സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുള്ളത്; ഇത് എവിടെയെല്ലാം ലഭ്യമാണ്;

(ബി) ഇപ്രകാരമുള്ള കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുന്നതിന് ഉതകുന്ന പുതിയ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; എങ്കിൽ, വിശദാംശങ്ങൾ നൽകുമോ;

(സി) ഇത്തരം കുട്ടികൾക്ക് പ്രത്യേകം പരിശീലനം സിദ്ധിച്ച അദ്ധ്യാപകരുടെ സഹായം ആവശ്യമുണ്ടെന്നു കരുതുന്നുവോ; എങ്കിൽ, അത്തരത്തിലുള്ള അദ്ധ്യാപകരുടെ സേവനം എല്ലാ സ്ക്കുളുകളിലും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>മെന്റലി ചലഞ്ച്ഡ് ആയിട്ടുള്ള കുട്ടികൾക്കായി സർക്കാർ - സ്വകാര്യ മേഖലകളിൽ സ്കൂളുകൾ</u>

2931

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെന്റലി ചലഞ്ച്ഡ് ആയിട്ടുള്ള കുട്ടികൾക്കായി സർക്കാർ -സ്വകാര്യ മേഖലകളിൽ, എത്ര സ്കൂളുകൾ നിലവിലുണ്ട്; ജില്ല തിരിച്ച് നൽകാമോ;

(ബി) ഡിപ്ലോമ ഇൻ സ്പെഷ്യൽ എഡ്യൂക്കേഷൻ മെന്റലി റിട്ടാർഡഡ് ഡി.എസ്.സി. (എം.ആർ) കോഴ്സ് സംസ്ഥാനത്ത് എത്ര സ്ഥാപനങ്ങൾ നടത്തുന്നുണ്ട്; വിശദമാക്കാമോ;

(സി) പ്രസ്തുത കോഴ്സിന് പി.എസ്.സി. യുടെ അംഗീകാരമുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഡി.എസ്.ഇ.(എം.ആർ) പാസായവരെ സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപകരായി നിയമിച്ചിട്ടുണ്ടോ; അവരുടെ വേതനം നിശ്ചയിച്ചിട്ടുണ്ടോ;

(ഇ) സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന ഇത്തരം സ്കൂളുകളിലെ അദ്ധ്യാപക നിയമനത്തിനുള്ള യോഗ്യതയും രീതിയും വിശദമാക്കാമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് വിവിധ സഹായ ഉപകരണങ്ങൾ</u>

2932

ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് വിവിധ സഹായ ഉപകരണങ്ങൾ വാങ്ങി നൽകാൻ എസ്.എസ്.എ. പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എത്ര തുകയ്ക്കുള്ളതാണ് പദ്ധതി;

(ബി) ഈ ഉപകരണങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ എന്തെങ്കിലുമുണ്ടോ; ഉണ്ടെങ്കിൽ, എന്താണെന്ന് വിശദമാക്കുമോ;

(സി) ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് ഇതിനകം ഏതെങ്കിലും സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സ്ഥാപനത്തെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ഡി) ഇതിന് ഓപ്പൺ ടെണ്ടർ വിളിച്ചിരുന്നുവോ; എങ്കിൽ, എത്ര ടെണ്ടറുകൾ ലഭിച്ചു; ഏതു സ്ഥാപനവുമായിട്ടാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത് ?

# കേരള നിയമസഭ
# 15.02.2013-ലെ മറുപടിക്ക്

അന്ധ-ബധിര-മൂക വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകൾ

2933 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പ് അംഗീകരിച്ചിട്ടുള്ള, അന്ധ-ബധിര-മൂക വിദ്യാർത്ഥികൾ പഠിക്കുന്ന അൺ എയ്ഡഡ് സ്പെഷ്യൽ സ്കൂളുകളെ, എയ്ഡഡ് വിഭാഗത്തിലേക്ക് മാറ്റുമെന്ന 2012-13 ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലാക്കുകയുണ്ടായോ;

(ബി) എങ്കിൽ, ഏതെല്ലാം വിദ്യാലയങ്ങളാണ് ഇങ്ങനെ മാറ്റപ്പെട്ടത് എന്ന് വ്യക്തമാക്കാമോ; ഓരോ വിദ്യാലയത്തിലും എത്ര കുട്ടികൾ വീതം പഠിക്കുന്നുണ്ട്;

(സി) ഇത്തരം വിദ്യാലയങ്ങളിലെ അദ്ധ്യാപക നിയമനം ഏത് രീതിയിലാണ് നടക്കുന്നത്; ഇവരുടെ യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) ഇതുമൂലം സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാധ്യത എത്രയെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ; 2012-13 ലെ ബഡ്ജറ്റിൽ നീക്കി വെച്ച തുകയെത്ര; ഖജനാവിൽ നിന്നും ചെലവായതെത്ര?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

ബധിര സ്ക്കൂളുകളെ എയ്ഡഡാക്കാനുള്ള പദ്ധതി

2934 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ
,, സി. പി. മുഹമ്മദ്
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബധിരസ്ക്കൂളുകളെ എയ്ഡഡാക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിവഴി വിദ്യാർത്ഥികൾക്ക്, എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഈ പദ്ധതിയുടെ നടത്തിപ്പിനുള്ള ധനസമാഹരണം എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ബധിര-മൂക വിദ്യാർത്ഥി കലോത്സവ ഫണ്ട്</u>

2935 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്കൂൾ കലോത്സവങ്ങൾക്ക് വൻതുക ചെലവഴിക്കുന്ന സർക്കാർ ബധിര-മൂക വിദ്യാർത്ഥികളുടെ സ്പെഷ്യൽ സ്കൂൾ സംസ്ഥാനതല കലോത്സവനടത്തിപ്പിനുവേണ്ട മതിയായ ഫണ്ട് അനുവദിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കലോത്സവത്തിൽ പങ്കെടുക്കുന്ന വൈകല്യം ബാധിച്ച കുട്ടികളുടെ താമസസൗകര്യത്തിനും യാത്രാചെലവിനും പോലും മതിയായ ധനസഹായം അനുവദിക്കാത്തതിനാൽ മിക്കവേദികളും തികച്ചും ശുഷ്കമായാണ് സ്പെഷ്യൽ സംസ്ഥാന കലോത്സവങ്ങളിൽ കാണുന്നത് എന്നതിന് പരിഹാരമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് എന്നറിയിക്കുമോ;

(സി) നിലവിലുള്ള ഫണ്ടിന്റെ പരിമിതി ബോധ്യപ്പെട്ട്, കാര്യക്ഷമമായ നടത്തിപ്പിനായി സ്പെഷ്യൽ സംസ്ഥാന കലോത്സവങ്ങൾക്ക് മതിയായ ഫണ്ട് അനുവദിക്കുന്നതിനുവേണ്ട നടപടിയുണ്ടാകുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി</u>

2936 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി പ്രകാരം സ്കിൽ ഡെവലപ്മെന്റ് എക്സിക്യൂട്ടീവുകളെ തെരഞ്ഞെടുക്കുന്നതിലേക്കായി നിർദ്ദിഷ്ട യോഗ്യതയുള്ള 10 ൽ കുറയാത്ത എണ്ണം ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് എം.എൽ.എ. മാർ നൽകുവാൻ നിർദ്ദേശം നൽകിയിരുന്നോ;

(ബി) ആയതിലേക്ക് നാളിതുവരെ ഒരു തുടർനടപടിയും സ്വീകരിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിലേക്കായി ബന്ധപ്പെട്ട നിയമനനടപടികൾ നടത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>മൾട്ടി ഗ്രേഡിങ് ലേണിങ്ങ് സെന്ററുകൾ</u>

2937 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൾട്ടി ഗ്രേഡിങ് ലേണിങ് സെന്ററുകൾ (എം.ജി.എൽ.സി) എൽ.പി സ്ക്കൂളായി അപ്ഗ്രേഡ് ചെയ്യുന്ന വിഷയം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ, കാസർഗോഡ് ജില്ലയിൽ, ഏതൊക്കെ സ്ക്കൂളുകളാണ് പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ;

(സി) ഇങ്ങനെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വിശദമാക്കുമോ;

(ഡി) എൽ. പി സ്ക്കൂളായി അപ്ഗ്രേഡ് ചെയ്യുമ്പോൾ വർഷങ്ങളായി ഇവിടങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരെ എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**15.02.2013-ലെ മറുപടിക്ക്**

<u>അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം</u>

2938 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം സ്കൂളിലാണ് നടപ്പാക്കുന്നത് എന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**15.02.2013-ലെ മറുപടിക്ക്**

<u>വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ</u>

2939 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; വിശദാംശം ലഭ്യമാക്കുമോ ?

(ബി) ഹൈസ്കൂൾ മാത്രമായി പ്രവർത്തിക്കുന്ന ഹയർ സെക്കന്ററി ഇല്ലാത്ത മുഴുവൻ സർക്കാർ, എയിഡഡ് സ്കൂളുകളിലും വി.എച്ച്.എസ്.ഇ ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>അൺ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകൾ</u>

2940 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അൺഎയ്ഡഡ് മേഖലയിൽ, എത്ര ഹയർ സെക്കന്ററി സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സ്കൂളുകൾ അൺഎയ്ഡഡ് മേഖലയിൽ അനുവദിച്ചിട്ടുണ്ട്;

(സി) അൺ എയ്ഡഡ് മേഖലയിൽ സ്കൂളുകളുടെ അംഗീകാരത്തിനായി നിലവിൽ അപേക്ഷകൾ ഉണ്ടോ; എങ്കിൽ, എത്ര?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളുടെ പരിഷ്ക്കരണം</u>

2941 ശ്രീ. ബെന്നി ബെഹനാൻ
,, വർക്കല കഹാർ
,, സി. പി. മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളുടെ പരിഷ്ക്കരണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് സർവ്വേ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം? ;

(സി) സർവ്വേ റിപ്പോർട്ട് കരിക്കുലം കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുണ്ടോ ;

(ഡി) എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് പാഠപുസ്തകങ്ങളിൽ വരുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

ഹയർ സെക്കൻഡറി അദ്ധ്യാപകർക്ക് പരിശീലനം

2942 ശ്രീ. കെ.വി.അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കൻഡറി അദ്ധ്യാപകർക്ക് ജനുവരി, ഫെബ്രുവരി മാസങ്ങളിൽ, പരിശീലനങ്ങൾ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) സ്കൂളുകളിൽ പരീക്ഷാ തയ്യാറെടുക്കലും മോഡൽ പരീക്ഷകളും നടക്കുന്ന സമയത്തുള്ള തുടർച്ചയായ പരിശീലനം പഠനത്തെ ദോഷകരമായി ബാധിക്കും എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിദ്യാഭ്യാസ വർഷാവസാനം അത്തരം പരിശീലനം വരാനിടയായ സാഹചര്യം പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ഹയർ സെക്കണ്ടറിയിൽ അധിക ബാച്ചുകൾ</u>

2943 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2011-12 അദ്ധ്യയന വർഷത്തിൽ ഹയർസെക്കണ്ടറിയിൽ അധിക ബാച്ചുകൾ അനുവദിച്ച സ്കൂളുകളിൽ, അധ്യാപക തസ്തിക സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ടോ; വിശദാംശം നൽകാമോ; ഉത്തരവായിട്ടുണ്ടെങ്കിൽ, പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ പ്രൊമോഷൻ

2944 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ പ്രിൻസിപ്പൽ പ്രമോഷൻ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(ബി) ആയതിനുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ (സീനിയർ) സീനിയോറിറ്റി ലിസ്റ്റ് വിഷയം (സബ്ജക്ട്) അടിസ്ഥാനത്തിലാണോ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത്; ആയതിന്റെ അന്തിമ ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ;

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

പാണ്ടനാട് എസ്.വി. ഹൈസ്കൂളിൽ
ഹയർസെക്കണ്ടറി കോഴ്സ്

2945 ശ്രീ. പി.സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാണ്ടനാട് എസ്.വി. ഹൈസ്കൂളിൽ ഹയർസെക്കണ്ടറി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സ്കൂൾ മാനേജ്മെന്റ് സമർപ്പിച്ച അപേക്ഷയിന്മേൽ നാളിതുവരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ഹയർസെക്കണ്ടറിസ്കൂൾ ഇല്ലാത്ത പാണ്ടനാട് പഞ്ചായത്തിൽ, ഹയർസെക്കണ്ടറി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഹയർസെക്കണ്ടറി അനുവദിക്കുന്നതിന് നിലവിൽ നിയമതടസ്സം എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് വിശദമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ഹയർ സെക്കന്ററി അധ്യാപക തസ്തികകളിലേക്ക് തസ്തികമാറ്റം</u>

2946 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള അധ്യാപക തസ്തികകളിലേക്ക് പ്രസ്തുത വകുപ്പിലെ ലാബ് അസിസ്റ്റന്റുമാർക്ക് തസ്തികമാറ്റ നിയമം വഴി പ്രമോഷൻ നൽകാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ, വിദ്യാഭ്യാസ വകുപ്പിലെ മറ്റു തസ്തികകളിലേക്ക് പ്രമോഷൻ നൽകുന്നതുപോലെ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്ത് ലാബ് അസിസ്റ്റന്റുമാർക്കും അധ്യാപക തസ്തികയിലേക്ക് നിശ്ചിത ശതമാനം പ്രമോഷൻ നൽകുവാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**15.02.2013-ലെ മറുപടിക്ക്**

<u>വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ നേരിട്ട് നിയമനം</u>

2947 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ഏതെല്ലാം സ്ഥാപനത്തിലേയ്ക്കാണ് നേരിട്ട് നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ, ഏതെല്ലാം തസ്തികകളിലേയ്ക്ക് പരീക്ഷ നടന്നുയെന്നും എത്രപേർ പരീക്ഷ എഴുതിയെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>അദ്ധ്യാപക പാക്കേജ്</u>

2948 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അദ്ധ്യാപക പാക്കേജ് നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പാക്കേജ് പ്രകാരം എത്ര അദ്ധ്യാപകർക്ക് ഇതുവരെ ജോലി ലഭിച്ചിട്ടുണ്ട് ;

(സി) അദ്ധ്യാപക ബാങ്ക് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ ; ഇതിൽ സ്വകാര്യ എയ്ഡഡ് സ്കൂളുകൾ സഹകരിക്കുന്നുണ്ടോ;

(ഡി) ഇതിന്റെ മറവിൽ സ്വകാര്യസ്കൂളുകളിൽ യഥേഷ്ടം നിയമനങ്ങൾ നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന് കീഴിലുള്ള ജീവനക്കാർ, വിദ്യാർത്ഥികൾ എന്നിവരുടെ എണ്ണം</u>

2949 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന് കീഴിലുള്ള അധ്യാപകർ, വിദ്യാർത്ഥികൾ, അനധ്യാപകർ എന്നിവരുടെ എണ്ണം വിശദമാക്കുമോ;

(ബി) ഓരോ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന് കീഴിൽ വരുന്ന ഗവൺമെന്റ്, എയിഡഡ്, അൺ എയിഡഡ് മേഖലയിലെ എൽ.പി, യു.പി. വിദ്യാലയങ്ങളുടെ എണ്ണം അറിയിക്കാമോ;

(സി) പുതിയ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ രൂപീകരിക്കുന്നകാര്യം പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ, അവ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ഇ) വിദ്യാർത്ഥി- അധ്യാപക അനുപാതത്തിന്റെ അടിസ്ഥാനത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ പുന:ക്രമീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ, വിശദമാക്കാമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ എയ്ഡഡ് മേഖലയിലെ പ്രീപ്രൈമറി അദ്ധ്യാപികമാര്‍</u>

2950 ശ്രീ. ആര്‍. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് സര്‍ക്കാര്‍ എയ്ഡഡ് മേഖലയില്‍ ആകെ എത്ര പ്രീപ്രൈമറി അദ്ധ്യാപികമാരാണ് ഉള്ളത് എന്നറിയിക്കാമോ;

(ബി) ഇതില്‍, എത്ര പേര്‍ ഇപ്പോള്‍ ശമ്പളമില്ലാതെ ജോലിയിലേര്‍പ്പെട്ടിരിക്കുന്നു;

(സി) സുപ്രീം കോടതി വിധി അനുസരിച്ചുള്ള 5000 രൂപ ഓണറേറിയം അവര്‍ക്ക് നല്‍കുന്നുണ്ടോ;

(ഡി) ഇല്ലെങ്കില്‍, അത് നല്‍കുന്നതിനുവേണ്ട സത്വരനടപടികള്‍ സ്വീകരിക്കുമോ;

(ഇ) സുപ്രീം കോടതി വിധി നടപ്പിലാക്കുന്നതിന് വീഴ്ചവരാനിടയായ സാഹചര്യം പരിശോധിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാന അദ്ധ്യാപക അവാർഡ് ജേതാക്കൾ</u>

2951 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന അദ്ധ്യാപക അവാർഡ് ജേതാക്കൾക്ക്, എന്തെല്ലാം ആനുകൂല്യങ്ങളാണ് നേരത്തേ നൽകിയിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്ക് സർവ്വീസ് കാലാവധി ദീർഘിപ്പിച്ച് നൽകിയിരുന്നുവോ;

(സി) സാമ്പത്തിക ആനുകൂല്യങ്ങൾ നൽകിയിരുന്നുവോ; ഇവ നിർത്തൽ ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ, എന്ത് കാരണത്താലാണ് ആയത് നിർത്തൽ ചെയ്തിട്ടുള്ളത്;

(ഇ) ഇവ പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

വയനാട് ജില്ലയിലെ അദ്ധ്യാപക നിയമനം

2952

ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ തരുവണ ഗവൺമെന്റ് ഹൈസ്കൂളിൽ അറബി പഠിക്കാൻ താല്പര്യമുള്ള 21 കുട്ടികളെ പഠിപ്പിക്കാൻ അറബി അദ്ധ്യാപകനെ നിയമിക്കാനും ഇതേ ജില്ലയിലെ തന്നെ ബീനാച്ചി ഗവൺമെന്റ് യു.പി. സ്കൂളിൽ സംസ്കൃതം പഠിക്കുവാൻ താത്പര്യമുള്ള കുട്ടികളെ പഠിപ്പിക്കാൻ സംസ്കൃത അദ്ധ്യാപകനെ നിയമിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ, എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഹയർ വെരിഫിക്കേഷൻ മേൽപ്പറഞ്ഞ രണ്ടു സ്കൂളുകളിലും നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഏത് ഉദ്യോഗസ്ഥനാണ് നടത്തിയിട്ടുള്ളത്; ഇതിൻപ്രകാരം മേൽനടപടികൾ രണ്ടു സ്കൂളുകളിലും നടത്തിയത് എന്തൊക്കെയെന്ന് പ്രത്യേകം പ്രത്യേകം വിശദീകരിക്കുമോ;

(ബി) മേൽപറഞ്ഞ അദ്ധ്യാപകരെ നിയമിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ; നിയമനം നടത്തിയില്ലെങ്കിൽ മേൽപറഞ്ഞ ഓരോ സ്കൂളിലും എപ്പോൾ നിയമനം നടത്തുമെന്ന് വിശദമാക്കാമോ;

(സി) 2010 ലെ വിദ്യാർത്ഥികളുടെ എണ്ണമനുസരിച്ച് തരുവണ ഗവൺമെന്റ് ഹൈസ്കൂളിൽ ഡിവിഷൻ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ, എന്തുകൊണ്ട്; അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>പ്രീപ്രൈമറി അദ്ധ്യാപകരുടെ പ്രതിഫലം</u>

2953 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ എയ്ഡഡ് സ്കൂളുകളോടനുബന്ധിച്ച് പി.ടി.എ. യുടെ ചുമതലയിൽ നടത്തുന്ന പ്രീപ്രൈമറി അദ്ധ്യാപകരുടെ പ്രതിഫലം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച ഉത്തരവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>സർക്കാർ, എയ്ഡഡ് മേഖലയിലെ പ്രീ പ്രൈമറി അദ്ധ്യാപകരുടെ വേതനം</u>

2954 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രീപ്രൈമറി അദ്ധ്യാപകരുടെയും ആയമാരുടേയും പ്രതിമാസ വേതനം എത്ര രൂപയാണെന്ന് അറിയിക്കാമോ; ഇതിന് ആവശ്യമായ തുക അനുവദിക്കുന്നത് എവിടെനിന്നുമാണ്;

(ബി) പ്രീപ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും എത്ര മാസത്തെ വേതനം കുടിശ്ശികയുണ്ട്;

(സി) വേതനം കുടിശ്ശികയില്ലാതെ അതാതു മാസം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

ഉയർന്ന തസ്തികകളിലെ നിയമനങ്ങളിൽ അധ്യാപകർക്ക് സംവരണം

2955 ശ്രീ. പി. സി. ജോർജ്ജ്
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉയർന്ന തലത്തിലുള്ള അദ്ധ്യാപക തസ്തികകളിൽ നിയമനം ലഭിക്കുന്നതിന്, താഴ്ന്ന തസ്തികകളിൽ ജോലി ചെയ്യുന്നവരും എന്നാൽ ഉയർന്ന തസ്തികകളിലേക്ക് നിയമനം ലഭിക്കുന്നതിനു യോഗ്യരുമായ അദ്ധ്യാപകർക്ക് പ്രത്യേക സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഇപ്രകാരം യോഗ്യരായവർക്ക് ഹയർ സെക്കണ്ടറി തലത്തിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിന് എൽ. പി. എസ്. എ, യു. പി. എസ്. എ, എച്ച്. എസ്.എ അദ്ധ്യാപകർക്ക് എത്ര ശതമാനം സംവരണമാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) താഴ്ന്ന തലത്തിൽ പഠിപ്പിക്കുന്ന യോഗ്യരായ അദ്ധ്യാപകർക്ക് ബി. എഡ് കോളേജുകളിൽ നിയമനം ലഭിക്കുന്നതിനുള്ള സ്ഥാനക്കയറ്റത്തിനായി പ്രത്യേക സംവരണം ഉണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇതുപോലെ, കോളേജുകളിലേക്കുള്ള അധ്യാപക നിയമനത്തിന് ഹയർ സെക്കന്ററി തലത്തിലുള്ള അദ്ധ്യാപകർക്ക് നിലവിൽ സംവരണമുണ്ടോ; ഇല്ലെങ്കിൽ, ഹയർ സെക്കണ്ടറി അദ്ധ്യാപകർ ഉൾപ്പെടെയുള്ള സ്ക്കൂൾ അദ്ധ്യാപകർക്ക് നിശ്ചിത ശതമാനം സീറ്റ് സംവരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>സെൻസസ് ഡ്യൂട്ടി ചെയ്ത അദ്ധ്യാപകർക്ക്</u>
<u>അനുവദിച്ച ഏൺഡ് ലീവിന്റെ എണ്ണം</u>

2956 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-ലെ സെൻസസ് ഡ്യൂട്ടി (148 ദിവസം) ചെയ്ത അദ്ധ്യാപകർക്ക്, എത്ര ദിവസത്തെ ഏൺഡ് ലീവാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) 24 ദിവസത്തെ ഏൺഡ് ലീവ് സറണ്ടർ ചെയ്ത അദ്ധ്യാപകരുടെ 8 ദിവസത്തെ സറണ്ടർ തുക തിരിച്ചടക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ, 24 ദിവസം സറണ്ടർ ചെയ്യാൻ കഴിയാത്ത അദ്ധ്യാപകർക്ക് കൂടി 24 ദിവസത്തെ സറണ്ടർ ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>പാര്‍ട്ട് ടൈം ഹിന്ദി ലാംഗേ്വജ് ടീച്ചര്‍ നിയമനം</u>

2957 ശ്രീ. എ. എ.അസീസ്
''കോവൂര്‍ കുഞ്ഞുമോന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൊല്ലം ജില്ലയില്‍ പാര്‍ട്ട് ടൈം ജൂനിയര്‍ ലാംഗേ്വജ് ടീച്ചര്‍ (ഹിന്ദി)തസ്തികയില്‍, എത്ര ഒഴിവുകളാണ് നിലവിലുള്ളത്;

(ബി) ഈ തസ്തികയില്‍ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എത്ര പേര്‍ക്ക് നിയമനം നല്‍കി;

(സി) ഈ തസ്തികയില്‍ റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ കരാര്‍ അടിസ്ഥാനത്തില്‍ നിയമനം നടത്തുന്നത് ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ; ഇത്, ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>കോട്ടയം ജില്ലയിലെ എച്ച്.എസ്.എ (മാത്തമറ്റിക്സ്) തസ്തികയിലെ ഒഴിവുകൾ</u>

2958 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ എച്ച്.എസ്.എ (മാത്തമറ്റിക്സ്) തസ്തികയിൽ, എത്ര ഒഴിവുകൾ ഉണ്ടെന്ന് വിശദമാക്കുമോ;

(ബി) ഈ ഒഴിവുകളിലേക്ക് നിയമനം നടത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>പ്ലസ് ടു തുല്യത കോഴ്സ്</u>

2959 ശ്രീ. വി.റ്റി. ബൽറാം
,, എ.റ്റി. ജോർജ്
,, വി.പി.സജീന്ദ്രൻ
,, പി.എ.മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്ലസ് ടു തുല്യത കോഴ്സ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏത് ഏജൻസിയുടെ നേതൃത്വത്തിലാണ് ഇത് നടത്തുന്നത്; വിശദമാക്കുമോ;

(ഡി) എന്ന് മുതലാണ് ഇത് ആരംഭിക്കാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

**പി.ഡി.സി പാസാകാത്ത 30 വയസ് പൂർത്തിയായവർക്ക് +1, +2, '6' മാസം കൊണ്ട് പരീക്ഷയെഴുതുന്നതിന് നടപടി**

2960 ഡോ. കെ.ടി.ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ വിവിധ തസ്തികകളിലെ നിയമനങ്ങൾക്കുള്ള യോഗ്യത എസ്.എസ്.എൽ.സി യിൽ നിന്നും പ്ലസ്ടു ആക്കി ഉത്തരവിറക്കിയ സാഹചര്യത്തിൽ പി.ഡി.സി പാസാകാത്ത 30 വയസ് പൂർത്തിയായവർക്ക് ഒരു വർഷം കൊണ്ടോ ആറുമാസം കൊണ്ടോ ഓപ്പൺ സ്കൂൾ വഴി +1 ഉം, +2 ഉം ഒരുമിച്ചെഴുതിയെടുക്കുന്നതിന് അനുവദിക്കുമോ;

(ബി) രജിസ്ട്രേഷൻ ഫീസും പരീക്ഷാ ഫീസും പരീക്ഷാർത്ഥികളിൽ നിന്നും വാങ്ങി നടത്താവുന്നതിനാലും സർക്കാരിന് ഒരുതരത്തിലുള്ള സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാവാത്തതിനാലും ഇത് അനുഭാവപൂർവ്വം പരിഗണിക്കുമോ?

# കേരള നിയമസഭ
# 15.02.2013-ലെ മറുപടിക്ക്

<u>പാർട്ട് ടൈം ജൂനിയർ ഹിന്ദി ലാംഗേജ്
അദ്ധ്യാപകരുടെ ഒഴിവ്</u>

2961 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഏതെങ്കിലും ഗവ:യു. പി. സ്കൂളുകളിൽ പാർട്ട് ടൈം ജൂനിയർ ലാംഗേജ് അദ്ധ്യാപകരുടെ ഒഴിവ് നിലവിലുണ്ടോ; എങ്കിൽ എന്ന് മുതലാണെന്നും സ്കൂളുകളുടെ പേരു വിവരവും അറിയിക്കുമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ എത്ര മാസമായി താൽക്കാലിക അദ്ധ്യാപകർ മേൽപ്പറഞ്ഞ കാറ്റഗറിയിൽ ജോലി നോക്കുന്നുണ്ട്; വിശദാംശം അറിയിക്കുമോ;

(സി) 2013 വർഷം പ്രസ്തുത കാറ്റഗറിയിൽ പ്രൊമോഷൻ മുഖാന്തിരവും വിരമിക്കൽ മുഖാന്തിരവും എത്ര ഒഴിവുകൾ വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത തസ്തികയിലേക്ക് നിയമനം നടത്തണമെന്ന് ആവശ്യപ്പെട്ട് പി. എസ്. സി.യെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് അറിയിച്ചത്; കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) തസ്തിക ഒഴിവായി കിടന്നാൽ പി. എസ്. സി.യെ യഥാസമയം അറിയിക്കണമെന്ന നിർദ്ദേശത്തിൽ വീഴ്ച വന്നതായി ബോദ്ധ്യമുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ;

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>സ്കൂൾ അധ്യാപികയുടെ സ്റ്റാഫ് ഫിക്സേഷൻ</u>

2962 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഫറോക് ഉപവിദ്യാഭ്യാസ ജില്ലയിലെ കരിങ്കല്ലായി എ.യു.പി. സ്കൂൾ അധ്യാപിക സൈറാബാനു .ഇ. യുടെ സ്റ്റാഫ് ഫിക്സേഷനുമായി ബന്ധപ്പെട്ട 68014/s/11 G.Edn , RA4/52231/11/DPI എന്നീ ഫയലുകളിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിനുള്ള അപേക്ഷ പൊതുവിദ്യാഭ്യാസവകുപ്പിന്റെ സെക്ഷനിൽ എന്നാണ് ലഭിച്ചത്;

(സി) ഈ ഫയലിന്റെ റിപ്പോർട്ടിന് വേണ്ടി ഡി.പി.ഐ. ഓഫീസിലേക്ക് അറിയിപ്പ് നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ എന്നാണ് റിപ്പോർട്ടിനായി അയച്ചത് എന്നും ഡി.പി.ഐ ഓഫീസിൽ എന്നാണ് ലഭിച്ചത് എന്നും വ്യക്തമാക്കുമോ;

(ഇ) ഫറോഖ് എ.ഇ.ഒ യുടെ റിപ്പോർട്ടിനായി ഡി.പി.ഐ ഓഫീസിൽ നിന്നും അയച്ചിട്ടുണ്ടോ എങ്കിൽ എന്ന്;

(എഫ്) ഫറോഖ് എ.ഇ.ഒ ഓഫീസിൽ നിന്നും ഇതിന്റെ മറുപടി എന്നാണ് അയച്ചത് എന്ന് വ്യക്തമാക്കുമോ;

(ജി) ഇക്കാര്യത്തിൽ ഡി.പി.ഐ ഓഫീസിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ തീയതി സഹിതം വിശദമാക്കുമോ;

(എച്ച്) ഫയലിന്റെ നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഫയൽ തീർപ്പാക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണവും വിശദമാക്കുമോ?

**കേരള നിയമസഭ**
**15.02.2013-ലെ മറുപടിക്ക്**

<u>പണിമുടക്കുമായി ബന്ധപ്പെട്ട സ്ഥലം മാറ്റം</u>

2963 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ജനുവരി 8 മുതൽ നടന്ന ജീവനക്കാരുടെ പണിമുടക്കുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര അധ്യാപകരെ സ്ഥലം മാറ്റി; വിശദവിവരം ലഭ്യമാക്കുമോ;

(ബി) വെഞ്ഞാറമൂട് ഗവ: എച്ച്.എസ്.എസ്. ലെ പ്രിൻസിപ്പൽ ശ്രീമതി കർമ്മലാഭായിയെ സ്ഥലം മാറ്റിയതിനുള്ള കാരണം എന്താണെന്ന് വിശദമാക്കുമോ;

(സി) ശ്രീമതി കർമ്മലാഭായി പണിമുടക്കിൽ പങ്കെടുക്കുന്നതിനാൽ പ്രിൻസിപ്പലിന്റെ ചാർജ് ഏറ്റെടുക്കണമെന്ന് മറ്റ് സീനിയർ അദ്ധ്യാപകരോട് ആവശ്യപ്പെട്ടിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ചുമതല ഏറ്റെടുക്കാൻ തയ്യാറല്ലായെന്ന് രേഖാമൂലം അറിയിച്ച പ്രസ്തുത അദ്ധ്യാപകർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ഇ) പണിമുടക്കിൽ പങ്കെടുത്തവർക്കെതിരെ പ്രതികാര നടപടി സ്വീകരിക്കുകയില്ലായെന്ന ഗവൺമെന്റിന്റെ ഉറപ്പ് പാലിച്ച് ശ്രീമതി കർമ്മലാഭായിയുടെ സ്ഥലം മാറ്റം റദ്ദു ചെയ്യുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

മദ്രസാദ്ധ്യാപക ക്ഷേമ പെൻഷൻ പദ്ധതി

2964

ശ്രീ. എൻ. ഷംസുദ്ദീൻ
,, പി. ബി. അബ്ദുൾ റസാക്
,, സി. മോയിൻ കുട്ടി
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മദ്രസാദ്ധ്യാപക ക്ഷേമ പെൻഷൻ പദ്ധതി കാര്യക്ഷമമാക്കുന്നതിനും പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഈ പദ്ധതി പലിശരഹിതമാക്കിയിട്ടുണ്ടോ; എങ്കിൽ ആ മാറ്റത്തിനു ശേഷം അംഗത്വത്തിന്റെ കാര്യത്തിൽ ഉണ്ടായ വർദ്ധന സംബന്ധിച്ച് വിശദവിവരം നൽകാമോ;

(സി) പദ്ധതിയിൽ കൂടുതൽ പരിഷ്ക്കാരം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>എസ്.സി.ഇ.ആർ.ടി ഓപ്പൺ സ്ക്കൂൾ എന്നിവിടങ്ങളിലെ നിയമനം</u>

2965 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.സി.ഇ.ആർ.ടി ഓപ്പൺ സ്ക്കൂൾ എന്നിവിടങ്ങളിലെ കരാർ നിയമനത്തിന് ചോദ്യപേപ്പർ തയ്യാറാക്കുവാൻ ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(ബി) ചോദ്യപേപ്പറുകൾ തയ്യാറാക്കുവാൻ എത്ര ശില്പശാലകൾ നടത്തുകയുണ്ടായി;

(സി) ശില്പശാലയിൽ പങ്കെടുത്ത എസ്.സി.ഇ.ആർ.ടി ഓപ്പൺ സ്ക്കൂൾ ജീവനക്കാരുടെ പട്ടിക ലഭ്യമാക്കുമോ;

(ഡി) ഈ ശില്പശാലയിൽ പങ്കെടുത്തവരിൽ ആരെല്ലാം മേൽപ്പറഞ്ഞ തസ്തികകളിൽ അപേക്ഷ നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

എസ്.സി.ഇ.ആർ.ടി. ഓപ്പൺ സ്കൂൾ എന്നിവിടങ്ങളിലെ നിയമന പരീക്ഷ

2966 ശ്രീ. റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എസ്.സി.ഇ.ആർ.ടി, ഓപ്പൺ സ്കൂൾ എന്നിവിടങ്ങളിൽ ഭാവിയിൽ ഉണ്ടായേക്കാവുന്ന ഒഴിവുകളിൽ നിയമിക്കുന്നതിനായി നടത്തിയ പരീക്ഷയിൽ ക്രമക്കേട് നടന്നിട്ടുള്ളതിനാൽ പ്രസ്തുത പരീക്ഷ റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 15.02.2013-ലെ മറുപടിക്ക്

എസ്. സി. ഇ. ആർ. റ്റി.- ലെ കരാർ നിയമനം

2967 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ, എസ്. സി. ഇ. ആർ. റ്റി എന്നിവിടങ്ങളിലെ 20.08.2011, 19.04.2012 എന്നീ തീയതികളിലെ അറിയിപ്പ് പ്രകാരം കരാർ നിയമനത്തിന് എത്ര അപേക്ഷ ലഭിച്ചു; എത്ര അപേക്ഷകൾ നിരസിച്ചു; തസ്തിക തിരിച്ച് വിവരം ലഭ്യമാക്കുമോ; നിരസിച്ച വിവരം ഉദ്യോഗാർത്ഥികളെ അറിയിച്ചിട്ടുണ്ടോ;

(ബി) അപേക്ഷയോടൊപ്പം രേഖകൾ സമർപ്പിക്കാത്തവർക്ക് സമയം അനുവദിച്ച് നൽകിയിരുന്നോ; ഈ വിവരം പത്രമാധ്യമങ്ങളിലൂടെ അറിയിച്ചിരുന്നോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; അനുബന്ധ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) രേഖകൾ സമർപ്പിക്കാത്തവരുടെ അപേക്ഷ പരിഗണിക്കാൻ പ്രത്യേക അനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

ഓപ്പൺ സ്കൂളിലെയും എസ്.സി.ഇ.ആർ.ടി.യിലെയും നിയമനരീതി

2968 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഓപ്പൺ സ്ക്കൂളിലെയും എസ്.സി.ഇ.ആർ.ടി യിലേയും ഭാവിയിലെ തസ്തികകളിൽ താല്കാലിക നിയമനത്തിന് 19.04.2012 ലെ അറിയിപ്പ് പ്രകാരം എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് തസ്തിക തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളുടെ അടിസ്ഥാനത്തിൽ ഏതെല്ലാം തസ്തികകൾക്കാണ് പരീക്ഷയും അഭിമുഖവും നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നത്;

(സി) ഏതെല്ലാം തസ്തികകൾക്ക് പരീക്ഷ മാത്രം നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്; ഏതെല്ലാം തസ്തികകൾക്ക് അഭിമുഖം മാത്രം നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കാമോ;

(ഡി) പരീക്ഷ നടത്തുന്നത് ഏത് ഏജൻസിയാണെന്നും അഭിമുഖം നടത്തുന്ന കമ്മറ്റിയുടെ ഘടന എന്തായിരിക്കുമെന്നും വ്യക്തമാക്കുമോ;

(ഇ) ഇതു സംബന്ധിച്ച് പുറപ്പെടുവിച്ച ഗവൺമെന്റ് ഉത്തരവുകൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>അനദ്ധ്യാപക ജീവനക്കാരുടെ പ്രശ്നം പഠിയ്ക്കാൻ ഉന്നത വിദ്യാഭ്യാസ സമിതിയുടെ റിപ്പോർട്ട്</u>

2969 ശ്രീ. സി. ദിവാകരൻ
,, ഇ. ചന്ദ്രശേഖരൻ
,, പി. തിലോത്തമൻ
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോളേജുകളിലേയും സർവ്വകലാശാലകളിലേയും അനദ്ധ്യാപക ജീവനക്കാരുടെ പ്രശ്നം പഠിക്കാൻ ഉന്നതവിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സമിതിയുടെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന സ്വാശ്രയ കോളേജുകളിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നിലവാരം വളരെകുറഞ്ഞ രീതിയിൽ പ്രവർത്തിക്കുന്ന സ്വാശ്രയ കോളേജുകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>പ്രൊഫഷണൽ കോളേജുകളിലെ സീറ്റുകൾ, വിജയശതമാനം</u>

2970 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര പ്രൊഫഷണൽ കോളേജുകൾ ഉണ്ട്; സ്വാശ്രയം സർക്കാർ-സഹകരണം എയ്ഡഡ് മേഖല എന്നിങ്ങനെ മേഖല തിരിച്ച് കണക്ക് നൽകാമോ;

(ബി) സംസ്ഥാനത്ത് സ്വാശ്രയ മേഖലയിൽ എത്ര എഞ്ചിനീയറിംഗ്, മെഡിക്കൽ, പാരാമെഡിക്കൽ സീറ്റുകളുണ്ട്; 2012-13 വിദ്യാഭ്യാസവർഷത്തിൽ എത്ര പേർ പ്രവേശനം നേടി; എത്ര സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നു; അതിൽ എത്ര പേർ സർക്കാർ ക്വാട്ടയിൽ പ്രവേശനം നേടി;

(സി) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് മേഖലയിൽ മെഡിക്കൽ/എഞ്ചിനീയറിംഗ്/പാരാമെഡിക്കൽ സീറ്റുകൾ എത്ര എന്ന് പ്രത്യേകം പറയാമോ; എത്ര വിദ്യാർത്ഥികൾ പ്രവേശനം നേടി; എത്ര സീറ്റുകൾ 2012-13 വർഷത്തിൽ ഒഴിഞ്ഞുകിടന്നു;

(ഡി) 2011-12 വർഷത്തിൽ സ്വാശ്രയ കോളേജുകളിലെ വിജയശതമാനം എത്രയായിരുന്നു; എത്ര കുട്ടികൾ ആകെ പരീക്ഷ എഴുതി; എത്ര പേർ വിജയിച്ചു;

(ഇ) 2011-12 വർഷത്തിൽ സർക്കാർ മേഖലയിൽ എത്ര വിദ്യാർത്ഥികൾ പരീക്ഷ എഴുതി; എത്ര പേർ വിജയിച്ചു; വിജയശതമാനം എത്ര;

(എഫ്) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ രംഗത്ത് സ്വാശ്രയ മേഖലയിൽ വിജയശതമാനം കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയോ; വിശദമാക്കുമോ;

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

(ജി) സ്വാശ്രയമേഖലയിലെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വര്‍ദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

സ്മിത ജോണിന് സബ്സിസ്റ്റൻസ് അലവൻസ്

2971 ശ്രീമതി ഇ.എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2004-2005 അധ്യയനവർഷം തിരുവനന്തപുരം ഗവൺമെന്റ് കോളേജ് ഓഫ് ടീച്ചേഴ്സ് എഡ്യൂക്കേഷനിൽ ഡിപ്പാർട്ട്മെന്റ് ക്വാട്ടവഴി ബി-എഡിന് അഡ്മിഷൻ ലഭിച്ച എറണാകുളം ജില്ലയിലെ ആരക്കുന്നത്തെ സെന്റ് ജോർജ് എച്ച്.എസ്-ലെ എച്ച്.എസ്.എ ആയ സ്മിത ജോൺ എന്ന അധ്യാപികയുടെ സബ്സിസ്റ്റൻസ് അലവൻസ് അനുവദിച്ച് നൽകിയിട്ടുണ്ടോ;

(ബി) അലവൻസ് ലഭിക്കുന്നതിനുവേണ്ടി പലതവണ അപേക്ഷ അധികാരികൾക്ക് സമർപ്പിച്ചിട്ടും നാളിതുവരെ നൽകാതിരുന്നതിന് കാരണം വ്യക്തമാക്കാമോ;

(സി) സബ്സിസ്റ്റൻസ് അലവൻസ് അടിയന്തരമായിഅനുവദിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**15.02.2013-ലെ മറുപടിക്ക്**

<u>കൊയിലാണ്ടി ഗവ. കോളേജ്</u>

2972 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യു.ജി.സി. ഫണ്ടുപയോഗിച്ച് കൊയിലാണ്ടി എസ്.ഐ. ആർ.ബി.റ്റി.എം. കോളേജ് ഗവ. കോളേജിൽ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാം; വിശദമാക്കാമോ; ഓരോന്നിന്റെയും പുരോഗതി വ്യക്തമാക്കാമോ;

(ബി) കൊയിലാണ്ടി ഗവ. കോളേജിൽ പുതുതായി അനുവദിച്ച കോഴ്സുകൾക്ക് അനുസൃതമായി പുതുതായി സൃഷ്ടിച്ച തസ്തികകൾ ഏതെല്ലാം; വ്യക്തമാക്കാമോ; പുതിയ തസ്തികകൾ സൃഷ്ടിച്ചില്ലെങ്കിൽ ആയത് സൃഷ്ടിക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>കാസർഗോഡ് മെഡിക്കൽ കോളേജ്</u>

T2973 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കഴിഞ്ഞവർഷം പ്രഖ്യാപിച്ച മെഡിക്കൽ കോളേജിന്റെ പ്രവർത്തനം തുടങ്ങാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഇതിനായി, ബഡ്ജറ്റിൽ എന്ത് തുക വകകൊള്ളിച്ചിട്ടുണ്ടെന്നും ഈ മെഡിക്കൽ കോളേജിനായി എവിടെയാണ് സ്ഥലം കണ്ടെത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>കാസർകോട് മെഡിക്കൽ കോളേജ്</u>

T2974 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർകോട് സർക്കാർ പ്രഖ്യാപിച്ച മെഡിക്കൽ കോളേജിന് സ്ഥലം ഏറ്റെടുക്കുന്നതു സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) സമയബന്ധിതമായി മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ ആണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് പ്ലാന്റേഷൻ കോർപ്പറേഷൻ പോലുള്ള ഏതെങ്കിലും പൊതുമേഖലാ സ്ഥാപനം ഫണ്ട് നൽകുന്നതിന് തയ്യാറായിട്ടുണ്ടോ ;

(ഡി) എങ്കിൽ, വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>കാസര്‍ഗോഡ് മെഡിക്കല്‍ കോളേജ്</u>

T2975 ശ്രീ. കെ.കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ്യാസ
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സര്‍ക്കാര്‍ ബഡ്ജറ്റില്‍ പ്രഖ്യാപിച്ച മെഡിക്കല്‍ കോളേജ് കാസര്‍ഗോഡ് ജില്ലയില്‍ എവിടെയാണ് തുടങ്ങുന്നത്;

(ബി) ഈ കോളേജ് ഏത് മേഖലയിലാണ് ആരംഭിക്കാന്‍ ഉദ്ദേശിക്കുന്നത്; ഇത് സ്ഥാപിക്കുന്നതിനുള്ള നടപടികള്‍ ഏതുവരെയായി;

(സി) ഇപ്പോള്‍ തെരഞ്ഞെടുത്ത സ്ഥലം ജില്ലയിലെ പൊതുജനങ്ങള്‍ക്ക് അനായാസം എത്തിപ്പെടാന്‍ കഴിയാത്തതും നിരവധി മെഡിക്കല്‍ കോളേജുകള്‍ ഉള്ള കര്‍ണ്ണാടക സംസ്ഥാനത്തിന്റെ അതിര്‍ത്തി പ്രദേശത്തിനോടടുത്തുമാണെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) ജില്ലയിലെ എല്ലാവര്‍ക്കും എത്തിപ്പെടാന്‍ പറ്റുന്ന സ്ഥലം തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>എസ്.ടി. വിദ്യാർത്ഥികൾക്ക് മെഡിക്കൽ പ്രവേശനത്തിന് മാർക്ക് നിബന്ധന</u>

2976 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.ബി.ബി.എസ്., ബി.ഡി.എസ്. പ്രവേശനത്തിന് പ്രവേശനപരീക്ഷയ്ക്ക് 40% മാർക്ക് എസ്.ടി. വിഭാഗം കുട്ടികൾ നേടണമെന്ന വ്യവസ്ഥ ആൾ ഇന്ത്യാ മെഡിക്കൽ കൗൺസിൽ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എൻ.ആർ.ഐ. ക്വാട്ടയിൽ പ്രവേശനം നേടുന്നതിന് മെഡിക്കൽ കൗൺസിൽ ഇപ്രകാരം വ്യവസ്ഥ വെച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എസ്.ടി. വിഭാഗം വിദ്യാർത്ഥികളോട് മെഡിക്കൽ കൗൺസിൽ അനീതിയാണ് കാണിക്കുന്നതെന്ന് അഭിപ്രായമുണ്ടോ; ഈ അനീതി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഭരണഘടനാപരമായി എസ്.ടി. വിഭാഗങ്ങൾക്ക് ലഭിയ്ക്കേണ്ട ഒരു അവകാശം ലഭിക്കുന്നതിന് മെഡിക്കൽ കൗൺസിൽ തടസ്സമാകുന്നു എന്ന ഗുരുതരമായ പ്രശ്നം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>എഞ്ചിനീയറിംഗ് കോളേജുകളിലെ സീറ്റ് നില</u>

2977 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് സ്വാശ്രയകോളേജുകളില്‍ എത്ര എഞ്ചിനീയറിംഗ് സീറ്റുകള്‍ നിലവിലുണ്ട്; ഏതെല്ലാം കോളേജുകളില്‍ എത്ര സീറ്റുകള്‍ വീതം എന്ന് ബ്രാഞ്ചടിസ്ഥാനത്തില്‍ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത സീറ്റുകളില്‍ ഈ അക്കാഡമിക് വര്‍ഷം എത്ര സീറ്റുകള്‍ ഒഴിഞ്ഞുകിടക്കുന്നു എന്ന് കോഴ്സുകളുടെ അടിസ്ഥാനത്തില്‍ വ്യക്തമാക്കുമോ;

(സി) ആകെയുള്ള ബി-ടെക് സീറ്റുകളുടെ മൂന്നിലൊന്നും ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കില്‍ ആയത് പരിഹരിക്കാന്‍ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) സര്‍ക്കാര്‍, എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളില്‍ എത്ര സീറ്റുകള്‍ നിലവിലുണ്ട്; എത്രയെണ്ണം ഒഴിഞ്ഞുകിടക്കുന്നു; ബ്രാഞ്ചടിസ്ഥാനത്തില്‍ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>പട്ടികജാതി വിഭാഗത്തിനായി സംവരണം ചെയ്ത എം.ടെക് സീറ്റുകൾ</u>

2978 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇത്തവണത്തെ എം.ടെക് അഡ്മിഷൻ പ്രോസ്പെക്ടസ് പ്രകാരം ആകെ എത്ര സീറ്റുകളിലേക്കാണ് അഡ്മിഷൻ ക്ഷണിച്ചിരുന്നത്; വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര സീറ്റുകൾ എസ്.സി. വിദ്യാർത്ഥികളുടെ അഡ്മിഷനുവേണ്ടി സംവരണം ചെയ്തിട്ടുണ്ട്; വെളിപ്പെടുത്തുമോ;

(സി) പിന്നീട് 3 എഞ്ചിനീയറിംഗ് കോളേജുകളിൽ പുതിയ എം.ടെക് കോഴ്സ് അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ അധികമായി എത്ര സീറ്റുകൾ അനുവദിച്ചു; ഇതിൽ എത്ര സീറ്റുകൾ എസ്.സി. വിഭാഗം വിദ്യാർത്ഥികൾക്കായി സംവരണം ചെയ്തു; വ്യക്തമാക്കുമോ;

(ഡി) പുതുതായി കോഴ്സുകൾ അനുവദിക്കുന്നതിന് മുമ്പായി എത്ര എസ്.സി. വിദ്യാർത്ഥികൾക്ക് ഏതെല്ലാം കോളേജുകളിലായി അഡ്മിഷൻ നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഇ) പുതിയ കോഴ്സുകൾ അനുവദിച്ചിതിന്റെ അടിസ്ഥാനത്തിൽ എത്ര എസ്.സി. വിദ്യാർത്ഥികൾക്ക് ഏതെല്ലാം കോളേജുകളിൽ അഡ്മിഷൻ നിൽകി; വ്യക്തമാക്കുമോ;

(എഫ്) ഈ വർഷം ആകെ എത്ര വിദ്യാർത്ഥികൾക്ക് എം.ടെക്ന് അഡ്മിഷൻ നൽകി; വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് യു.ജി.സി. പദ്ധതി

2979 ശ്രീ. ആർ. സെൽവരാജ്
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് യു.ജി.സി. പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി എങ്ങനെയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) കോഴ്സുകൾ ആരംഭിക്കേണ്ട തൊഴിൽ മേഖലകൾ ഏതെല്ലാമെന്ന് നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ഡി) സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലും പ്രസ്തുത പദ്ധതി പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**15.02.2013-ലെ മറുപടിക്ക്**

<u>സാങ്കേതിക വിദ്യാഭ്യാസ മേഖലയുടെ നിലവാരം ഉയർത്തൽ</u>

2980 ശ്രീ. എ. കെ. ബാലൻ
,, എ. പ്രദീപ് കുമാർ
,, പി. ശ്രീരാമകൃഷ്ണൻ
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹൈക്കോടതി നിർദ്ദേശച്ചിതനുസരിച്ച് സാങ്കേതിക വിദ്യാഭ്യാസ മേഖലയുടെ നിലവാരം ഉയർത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സർക്കാർ, എയിഡഡ്, സ്വാശ്രയ കോളേജുകളുടെ നിലവാരം പ്രത്യേകമായി അവലോകനം ചെയ്തിട്ടുണ്ടോ;

(സി) വളരെ പിന്നോക്കമുള്ളവ ഏത് മേഖലയിലാണെന്ന് അറിയിക്കുമോ;

(ഡി) അവലോകനത്തെ തുടർന്നുള്ള നടപടികളിൽ മാനേജ്മെന്റുകൾക്കുവേണ്ടി പിന്നീട് നടത്തിയ ഇളവുകൾ സംബന്ധിച്ച് ആക്ഷേപങ്ങൾ ഉയർന്നുവന്നിട്ടുള്ളതായി അറിയാമോ;

(ഇ) ഹൈക്കോടതിയുടെ നിർദ്ദേശത്തെ തുടർന്നുള്ള അവലോകനത്തിൽ വെളിവായ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഇത്തരം മാനേജ്മെന്റുകൾക്കെതിരെയും ഗുണനിലവാരം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 15.02.2013-ലെ മറുപടിക്ക്

അക്കാഡമിക് മാർക്ക് പരിഗണിക്കാതെയുള്ള കോളേജ് അധ്യാപക നിയമനം

2981

ശ്രീ. റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജ് അധ്യാപക നിയമനങ്ങളിൽ അക്കാദമിക് മാർക്ക് പരിഗണിക്കേണ്ടതില്ലായെന്ന് വ്യക്തമാക്കുന്ന സർക്കുലർ പി.എസ്.സി.(സർക്കുലർ നമ്പർ.22/11 തീയതി 24.8.11) പുറപ്പെടുവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇപ്രകാരം ഒരു സർക്കുലർ ഇറക്കുവാനുള്ള സാഹചര്യം എന്തായിരുന്നു; ആയത് പാലിക്കപ്പെടുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) കോളേജ് അധ്യാപക നിയമനങ്ങളിൽ പഴയ മാർക്ക് സമ്പ്രദായത്തിൽ പഠിച്ച ഉദ്യോഗാർത്ഥികൾ നിലവിൽ സെമസ്റ്റർ സമ്പ്രദായത്തിൽ പഠിച്ച ഉദ്യോഗാർത്ഥികളുമായി മത്സരിക്കുമ്പോൾ എന്തെല്ലാം പ്രശ്നങ്ങളെയാണ് നേരിടേണ്ടിവരുന്നതെന്ന് നിരീക്ഷിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) പുതിയ സെമസ്റ്റർ സമ്പ്രദായത്തിലും പഴയ മാർക്ക് സമ്പ്രദായത്തിലും പഠിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾ തമ്മിലുള്ള മത്സരം കണക്കിലെടുത്ത് കോളേജ് അധ്യാപക നിയമന കാര്യത്തിൽ പഴയ മാർക്ക് സമ്പ്രദായത്തിൽ പഠിച്ചവർക്ക് അർഹമായ പരിഗണന നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>എൻജിനീയറിംഗ് കോളേജുകളിലെ വെട്ടിക്കുറച്ച അധ്യാപക തസ്തികകൾ</u>

2982 ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ എൻജിനീയറിംഗ് കോളേജുകളിലെ അധ്യാപക തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) വെട്ടിക്കുറച്ചിട്ടുണ്ടെങ്കിൽ ആയത് പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ പഠനനിലവാരത്തകർച്ച</u>

2983 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരെ നിലവാരം കുറഞ്ഞ എത്ര സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ ഉണ്ടെന്നാണ് ഹൈക്കോടതി ഉത്തരവുപ്രകാരം കണ്ടെത്തിയത്; ആയത് ഏതൊക്കെ കോളേജുകളാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇത്തരം കോളേജുകളിൽ പഠനനിലവാരം ഉയർത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ വിദ്യാഭ്യാസയോഗ്യത കുറഞ്ഞ അധ്യാപകരാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു; വ്യക്തമാക്കുമോ;

(ഡി) പ്ലസ് ടു പരീക്ഷയിൽ രസതന്ത്രം, ഊർജ്ജതന്ത്രം, കണക്ക് എന്നിവയ്ക്ക് 50 ശതമാനത്തിൽ താഴെ മാർക്ക് വാങ്ങുന്ന കുട്ടികൾക്ക് ഒട്ടുമിക്ക സ്വാശ്രയ എഞ്ചിനീയറിംഗ് മാനേജ്മെന്റുകളും എഞ്ചിനീയറിംഗിന് പ്രവേശനം നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ 2013-14 അദ്ധ്യയനവർഷം മുതൽ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) 2013-14 അദ്ധ്യയനവർഷം മുതൽ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം ഉയർത്താനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഉത്തരവിറക്കിയോ; എന്തൊക്കെ നിർദ്ദേശങ്ങളാണ് ഉത്തരവിലുള്ളത്; ആയതിന്റെ

## കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

പകർപ്പ് ലഭ്യമാക്കുമോ; വിശദമാക്കുമോ;

(എഫ്) സംസ്ഥാനത്തെ മൂന്നിലൊന്നു ബി-ടെക് സീറ്റുകളും ഒഴിഞ്ഞുകിടക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിലുള്ള കുട്ടികളെ കഴിയുന്നത്ര ഇവിടെ നിലനിർത്താനും സംസ്ഥാനത്തിന് പുറത്തുള്ള വിദ്യാർത്ഥികളെ ഇവിടേയ്ക്ക് ആകർഷിക്കുവാനും എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 15.02.2013-ലെ മറുപടിക്ക്

എഞ്ചിനീയറിംഗ് കോളേജുകളിലെ പഠനനിലവാരത്തകർച്ച

2984 ശ്രീ. എം.വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
ശ്രീ. പി.സി. ജോർജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ മികച്ച നിലവാരം പുലർത്താത്ത കോളേജുകൾ ഏതെല്ലാമെന്ന് നിരീക്ഷിച്ചിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം പ്രവർത്തിക്കുന്ന കോളേജുകൾ ഏതെല്ലാമാണ്;

(ബി) ഇപ്രകാരം നിലവാരം ഇല്ലാത്ത കോളേജുകളിലേയ്ക്ക് സർക്കാർ ലിസ്റ്റിൽനിന്ന് അലോട്ട്മെന്റ് നടത്തിയിരുന്നോ; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുതകോളേജുകളുടെ പഠനനിലവാരത്തകർച്ചയ്ക്ക് കാരണമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുവോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) മേൽ സാഹചര്യത്തിൽ 2013-14 അധ്യയനവർഷം മുതൽ വിജയശതമാനം കുറഞ്ഞ കോളേജുകളിലേയ്ക്ക് അലോട്ട്മെന്റ് നടത്തുന്നതിന് പ്രത്യേകം മാനദണ്ഡങ്ങൾ നിഷ്കർഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>സ്വാശ്രയ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനാധികാരം</u>

2985 ശ്രീ. എം. എ. ബേബി
,, റ്റി. വി. രാജേഷ്
,, ആർ രാജേഷ്
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനാധികാരം പുർണ്ണമായും സ്വാശ്രയ മാനേജ്മെന്റുകൾക്ക് വിട്ടുകൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രവേശനകാര്യത്തിൽ പ്രഖ്യാപിത നിലപാടുകളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നത് ;

(സി) സ്വാശ്രയ മാനേജ്മെന്റുകൾ മുന്നോട്ട് വെച്ച എന്തെല്ലാം ആവശ്യങ്ങൾ പരിഗണിച്ചു വരുന്നു;

(ഡി) സാമൂഹ്യനീതി ഉറപ്പാക്കാനുള്ള നടപടികളിൽ നിന്നും പിന്നോട്ടു പോകുന്നതിൽ വിദ്യാഭ്യാസ രംഗത്തും ജനങ്ങളിലാകെയും ആശങ്ക ഉണ്ടായിട്ടുള്ളതായി അറിയാമോ ?

## കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എസ്.സി./എസ്.ടി</u>
<u>വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം</u>

2986 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എഞ്ചിനീയറിംഗ് കോളേജുകൾ ഉൾപ്പെടെയുള്ള സ്വാശ്രയവിദ്യാഭ്യാസസ്ഥാപനങ്ങളിൽ പഠിക്കുന്ന എസ്.സി./ എസ്.ടി., മറ്റ് പിന്നോക്കസമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വിദ്യാർത്ഥികൾക്ക് മറ്റ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ നിഷേധിക്കാനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കാമോ;

(സി) സ്വാശ്രയവിദ്യാഭ്യാസസ്ഥാപനങ്ങൾ സർക്കാരിന്റെ പൂർണ്ണമായ അംഗീകാരത്തോടെ പ്രവർത്തിക്കുന്നതിനാൽ അവിടെ പഠിക്കുന്ന കുട്ടികൾക്ക് അർഹമായ വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുമോ;

(ഡി) പ്രവേശനപരീക്ഷാ കമ്മീഷണറുടെ പട്ടികയിൽനിന്നും പ്രവേശനം നേടുന്ന എല്ലാ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ ഈ വിഭാഗങ്ങളിൽപ്പെട്ട കുട്ടികൾക്കും വിദ്യാഭ്യാസാനൂകൂല്യങ്ങൾ ഉറപ്പുവരുത്തുമോ?

**കേരള നിയമസഭ**
**15.02.2013-ലെ മറുപടിക്ക്**

സ്വാശ്രയ/അൺഎയ്ഡഡ് മാനേജുമെന്റുകളുമായി കരാർ

2987 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സ്വാശ്രയ/അൺഎയ്ഡഡ് മാനേജ്മെന്റുകളുമായി എഞ്ചിനീയറിംഗ്, മെഡിസിൻ സീറ്റുകളിലെ അഡ്മിഷനുമായി ബന്ധപ്പെട്ട് ഉണ്ടാക്കിയ കരാറിന്റെ വിശദാംശവും പ്രസ്തുത കരാറിന്റെ ഇപ്പോഴത്തെ സ്ഥിതിയും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് (സി-ആപ്റ്റ്)-ന്റെ വികസനം</u>

2988 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് (സി-ആപ്റ്റ്)ന്റെ വികസത്തിനായി ചെയ്ത പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ബി) ഈ സെന്ററിലെ ശമ്പളപരിഷ്കരണം നടപ്പിൽ വരുത്തുന്നതിന് ഗവേണിംഗ് ബോഡി തീരുമാനിച്ചിരുന്നുവോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ ;

(സി) സ്ഥാപനത്തിലെ ഹെഡ് ഓഫീസിലെ ജീവനക്കാർക്ക് കഴിഞ്ഞ നാല് വർഷമായി ശമ്പളത്തിൽ ഏതെങ്കിലും മാസം കുടിശ്ശികയുണ്ടോ ; എങ്കിൽ ഏത് മാസം ;

(ഡി) ഹെഡ് ഓഫീസിലെ ജീവനക്കാർക്ക് വിദ്യാലയങ്ങൾ തുറക്കുന്നതിനോടനുബന്ധിച്ച് ഉണ്ടാകുന്ന അധിക ബാധ്യത കണക്കിലെടുത്ത് "നോൺ റീഫണ്ടബിൾ സാലറി അഡ്വാൻസ്" വിതരണം ചെയ്യാറുണ്ടോ ; എങ്കിൽ ഏതെല്ലാം വർഷങ്ങളിൽ ഇത് വിതരണം ചെയ്തു ; ഇതിന്റെ മാനദണ്ഡം എന്താണ് ; വ്യക്തമാക്കുമോ ;

(ഇ) മുൻകാല ശമ്പളകുടിശ്ശിക ഇനത്തിൽ നൽകാനുള്ള തുകയിൽ നിന്നാണോ ഇത് നൽകുന്നത് ;

(എഫ്) ഇതിൽ നിന്നും അക്കാലത്ത് സെന്ററിൽ പ്രവർത്തിച്ചിരുന്നതും ഇപ്പോൾ ഡെപ്യൂട്ടേഷനിൽ പോയതുമായ ജീവനക്കാരെ ഒഴിവാക്കിയിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ജി) ശമ്പളകുടിശ്ശിക തീർപ്പാക്കുവാനായി നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇതിനായി സർക്കാരിനെ സമീപിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങളുടെ പകർപ്പ് സഹിതം വെളിപ്പെടുത്തുമോ ?

## കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫോറിൻ ലാൻഗേജസ് യൂണിവേഴ്സിറ്റി</u>

2989 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, എൻ. എ. നെല്ലിക്കുന്ന്
,, സി. മമ്മൂട്ടി
പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിക്കുന്ന സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫോറിൻ ലാൻഗേജസ് യൂണിവേഴ്സിറ്റി യുടെ ഓഫ്കാമ്പസ് സെന്ററിന്റെ പ്രവർത്തനം സംസ്ഥാന വിദ്യാഭ്യാസ മേഖലയിൽ എന്ത് പുരോഗതി ഉണ്ടാക്കുമെന്നാണ് കണക്കാക്കുന്നത്;

(ബി) ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നതു സംബന്ധിച്ച് എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് ഒന്നിലേറെ സെന്റർ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 15.02.2013-ലെ മറുപടിക്ക്

ഹൃദയകുമാരി കമ്മിറ്റി

2990

ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാലയിൽ ഉന്നതവിദ്യാഭ്യാസ സമിതി ശുപാർശകളും ഹൃദയകുമാരി കമ്മിറ്റി ശുപാർശകളും നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിനായി അധ്യാപകസംഘടനകളുമായി ചർച്ചകൾ നടത്തിയിരുന്നോ;

(സി) സർവ്വകലാശാല അക്കാദമിക് കൗൺസിൽ പ്രസ്തുത വിഷയം ചർച്ച ചെയ്യുകയുണ്ടായോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് സർവ്വകലാശാല ബിരുദതല പരീക്ഷാ സമ്പ്രദായത്തിൽ മാറ്റം</u>

2991 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാല, ബിരുദതല പരീക്ഷാ സമ്പ്രദായത്തിൽ മാറ്റം വരുത്താൻ ഉദ്ദേശമുണ്ടോ;

(ബി) സ്വാശ്രയ കോളേജുകളിലേതടക്കമുള്ള 1, 3, 5 സെമസ്റ്റർ പരീക്ഷകൾ അദ്ധ്യാപകർ നടത്തി അവർ തന്നെ മൂല്യനിർണ്ണയം നടത്താൻ അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ടോ;

(സി) ഇത്തരം നടപടിയിലൂടെ ബിരുദവിദ്യാഭ്യാസത്തിന്റെ മൂല്യശോഷണവും കച്ചവടവൽക്കരണവും നടക്കും എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇത്തരം ഒരു തീരുമാനത്തിലെത്താനിടയാക്കിയ സാഹചര്യം എന്താണ്; വിശദമാക്കാമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>മഹാത്മാഗാന്ധി സർവ്വകലാശാലയുടെ പുതിയ ഓഫ് കാമ്പസുകൾ</u>

2992

ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് പുതുതായി ഓഫ് കാമ്പസുകൾ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ബി) പ്രസ്തുത ആവശ്യം സർവ്വകലാശാല നേരത്തേ ഉന്നയിച്ചിരുന്നതാണോ;

(സി) ആയത് സംബന്ധിച്ച് സർക്കാർ നിലപാട് എന്തായിരുന്നു; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>എം.ജി. സര്‍വ്വകലാശാലയില്‍ പുതിയ ഓഫ് ക്യാമ്പസ് സെന്ററുകള്‍</u>

2993 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയില്‍
,, സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ_വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എം.ജി. സര്‍വ്വകലാശാലയില്‍ പുതുതായി ഓഫ് ക്യാമ്പസ് സെന്ററുകള്‍ തുടങ്ങുവാന്‍ അനുമതി നല്‍കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ എത്ര സെന്ററുകള്‍ തുടങ്ങുവാനാണ് അനുമതി നല്‍കിയിട്ടുള്ളത്;

(സി) സെന്ററുകളുടെ പഠന സൗകര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും വിലയിരുത്തുവാന്‍ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

എൻട്രൻസ് കമ്മീഷണർ നടത്തുന്ന പ്രവേശനപരീക്ഷ

2994 ശ്രീമതി ഇ.എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന എൻട്രൻസ് കമ്മീഷണർ നടത്തുന്ന പ്രവേശനപരീക്ഷയ്ക്ക് സംസ്ഥാനത്ത് എത്ര സെന്ററുകൾ ഉണ്ട്; ഏതൊക്കെ സ്ഥലത്ത്; വ്യക്തമാക്കാമോ;

(ബി) ഇടുക്കി ജില്ലയിലെ കട്ടപ്പനയിൽ പരീക്ഷാസെന്റർ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രവേശനപരീക്ഷ മലയാളത്തിലും നടത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാന സാക്ഷരതാ മിഷന്‍</u>

2995 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സാക്ഷരതാ മിഷന്‍ എന്തൊക്കെ പ്രവര്‍ത്തനങ്ങളാണ് നടത്തുന്നത് ;

(ബി) 'ലീപ് കേരള മിഷന്‍' പദ്ധതി ഇപ്പോള്‍ നടപ്പിലാക്കുന്നുണ്ടോ ; ഉണ്ടെങ്കില്‍ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>കേരള സാക്ഷരതാ മിഷൻ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ</u>

2996 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സാക്ഷരതാ മിഷൻ അതോറിറ്റിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്താൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) കെ.എസ്.എൽ.എം.എയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി രണ്ടു മാസത്തിലൊരിക്കലും ജനറൽ കൗൺസിൽ വർഷത്തിലൊരിക്കലും വിളിച്ചു ചേർക്കണമെന്ന് നിയമാവലിയിൽ വ്യവസ്ഥ ചെയ്തിട്ടും ഇതു സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന്റെ പരാമർശമുണ്ടായിട്ടും ഇവ കൃത്യമായി വിളിച്ചു ചേർക്കാൻ നടപടി സ്വീകരിക്കാത്തതെന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) പത്താംതരം തുല്യതാക്ലാസ്സുകൾ തുടങ്ങി മാസങ്ങൾ കഴിഞ്ഞിട്ടും പഠിതാക്കളിൽ നിന്ന് പാഠപുസ്തകങ്ങൾക്കുള്ള വില ഈടാക്കിയിട്ടും പാഠപുസ്തകങ്ങൾ ലഭ്യമാക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) കെ.എസ്.എൽ.എം.എയുടെ സബ് കമ്മറ്റികളിലൊന്നായ അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി മാസത്തിൽ നിരവധി തവണ യോഗം ചേരുകയും എക്സിക്യൂട്ടീവ് കമ്മറ്റി കൈക്കൊള്ളേണ്ട തീരുമാനങ്ങളെടുത്ത് അവ നടപ്പിലാക്കി വരികയും ചെയ്തുവരുന്നത് എന്ത് മാനദണ്ഡത്തിലാണ്; പേഴ്സണൽ & അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി നിരന്തരം വിളിച്ചു ചേർത്ത് സാക്ഷരതാ മിഷന് അമിത സാമ്പത്തികഭാരം വരുത്തി വയ്ക്കുന്നതിനെക്കുറിച്ചന്വേഷിക്കാമോ; നടപടി സ്വീകരിക്കുമോ;

(ഇ) സാക്ഷരതാ മിഷന്റെ പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി അക്ഷര കൈരളി, പത്രാധിപസമിതി തുടങ്ങിയവ 2012-13 സാമ്പത്തിക വർഷത്തിൽ എത്ര ദിവസം യോഗം ചേർന്നിട്ടുണ്ടെന്നും അതിൽ ആരൊക്കെ പങ്കെടുത്തിട്ടുണ്ടെന്നും അവർ എത്ര രൂപ വീതം ഏതൊക്കെ ദിവസങ്ങളിൽ യാത്രാപ്പടി, സിറ്റിംഗ് ഫീ ഇനങ്ങളിലായി കൈപ്പറ്റിയിട്ടുണ്ടെന്നുമുള്ള വിവരം നൽകാമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>സാക്ഷരതാ മിഷനിലെ പുതിയ തസ്തികകൾ</u>

2997 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ സംസ്ഥാന സാക്ഷരതാമിഷനിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ തസ്തികകളിൽ നിയമനം നടത്തിയത് എപ്രകാരമാണെന്ന് വിശദമാക്കാമോ;

(സി) നിയമനം നൽകിയിട്ടുള്ളവരുടെ പേരും അഡ്രസ്സും അടങ്ങുന്ന ലിസ്റ്റ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>സാക്ഷരതാ പ്രേരക്മാരുടെ ഓണറേറിയം</u>

2998 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര സാക്ഷരതാ പ്രേരക്മാരുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) സാക്ഷരതാ പ്രേരക്മാർക്ക് ഇപ്പോൾ നൽകുന്ന ഓണറേറിയം എത്രയാണ്; ഈ തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഓണറേറിയം നൽകുന്നതിനായി കേന്ദ്ര സർക്കാർ എത്ര രൂപയാണ് സംസ്ഥാനത്തിന് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>മഹിള സമഖ്യ സൊസൈറ്റിയുടെ കീഴിൽ എത്ര ജീവനക്കാർ</u>

2999 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹിള സമഖ്യ സൊസൈറ്റിയുടെ കീഴിൽ സംസ്ഥാനത്ത് എത്ര ജീവനക്കാരാണുള്ളത്;

(ബി) നിയമനങ്ങളിൽ സംവരണം പാലിക്കാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) മഹിള സമഖ്യ ജീവനക്കാരിൽ ചിലർക്ക് നിഷ്കർഷിച്ചിട്ടുള്ള യോഗ്യയില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മഹിള സമഖ്യയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ആക്ഷേപങ്ങൾ ഉയരുന്ന സാഹചര്യത്തിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തി ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിൽ സമിതികൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ ?